# BETHANY SABDAM

**No. 115** **2019** **March**



**Editor**

Fr. Varghese Thykkoottathil OIC

**Editorial Board**

Fr. Antony Padipurackal OIC

Fr. John Britto Charivukalayil OIC

Fr. Geevarghese Thiruvalil OIC

**Circulation Manager**

Fr. Jacob Varghese Eettithadathil OIC



**Printed at**

Bethany Press, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

**Cover Design**

Shany Roopesh

**Published from**

Bethany Ashram Generalate

P.B.No. 06, Vadavathoor P.O.,

Kottayam - 686 010, KERALA

Ph: 0481 - 2578494 (Monday - Saturday from 9.30 AM to 5.00 PM)

web: www.bethanyashram.com

e-mail: oic.infonews@gmail.com

# ഉൾത്താളുകളിൽ

**മുഖമൊഴി** 3
റവ. ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി.
**ബഥനിയിലെ സുതാര്യനായ സന്യാസി** 5
വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.
**ബഥനിയുടെ കന്മദം** 8
വെരി റവ. ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.
**ബഥനിയെ തൊട്ടറിഞ്ഞ സന്യാസവര്യൻ** 12
വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.
**നാൾവഴിയിലൂടെ** 13
റവ. ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.
**അതിജീവനത്തിന്റെ ആൾരൂപം** 15
വെരി റവ. സി. ലില്ലി ജോസ് എസ്.ഐ.സി.
**ദൈവകാരുണ്യത്തിന്റെ സംവാഹകൻ** 18
വെരി റവ. സി. മേരി ശോശാമ്മ ഒ.എസ്.എസ്
**ബേസിലച്ചന്റെ ഓർമ്മകളിൽ** 21
റവ. ഫാ. ജോൺ ബോസ്കോ കുറ്റിയിൽ ഒ.ഐ.സി., അടിമാലി
**എന്റെ പ്രിയപ്പെട്ട ബേസിലച്ചൻ** 22
റവ. ഫാ. വർഗ്ഗീസ് ജോസഫ് മുളവേലിൽ ഒ.ഐ.സി.
**നല്ല ഒരു മിഷനറി** 24
റവ. ഫാ. ചാൾസ് ഞാറക്കുളത്ത് ഒ.ഐ.സി.
**കർമ്മധീരനായ മിഷനറി** 26
റവ. ഫാ. ജെയിംസ് മമ്മൂട്ടിൽ ഒ.ഐ.സി.
**മണലാരണ്യത്തിലെ സരള വൃക്ഷം** 28
റവ. ഫാ. കുര്യൻ തോണ്ടുകുഴിയിൽ ഒ.ഐ.സി.
**ഹൃദയകാപട്യമില്ലാത്ത സന്യാസവര്യൻ** 33
റവ. ഫാ. ഫ്രാൻസിസ് പൂക്കളം ഒ.ഐ.സി.
**കൃത്യനിഷ്ഠ ജീവിത പ്രമാണമാക്കിയ ഒരു ബഥനി സന്യാസി** 34
റവ. ഫാ. മാത്യു മോടിയിൽ ഒ.ഐ.സി.
**ഗൗരവ ഭാവത്തിന്റെ സ്നേഹസാന്നിദ്ധ്യം ഓർമ്മയായി...** 38
റവ. ബ്രദർ ജോൺ ബർക്കുമൻസ് ചൂരക്കുഴിയിൽ ഒ.ഐ.സി.
**ഞങ്ങളുടെ കുടുംബത്തിന്റെ ഗുരുനാഥൻ** 46
ബിനുമോൾ ജയിസൺ നല്ലുത്താനത്ത്
**ബഹുമാനപ്പെട്ട ബേസിൽ നല്ലുത്താനത്തച്ചനും ദക്ഷിണ കന്നട മിഷനും** 50
യോഹന്നാൻ ഒ. എം., ഊന്നംപാറയ്ക്കൽ
**ഹ്രസ്വകാലത്തെ സൗഹൃദം...** 52
ബ്രദർ ജിജോ ബെഞ്ചമിൻ ഒ.ഐ.സി.
**ഇടവക സ്നേഹിയും അശരണർക്ക് ആശ്രയവും** 54
സെന്റ് ജോർജ് മലങ്കര കാതോലിക് ചർച്ച്, കോടിംബാല, ദക്ഷിണകന്നഡ



# മുഖമൊഴി

ബഥനി ആശ്രമ പ്രസ്ഥാനത്തിന്റെ ശതാബ്ദി ആചരണ വർഷത്തിൽ, സുദീർഘമായ 84 സംവത്സരം ഈ ലോകത്തിൽ (അതിൽ 63 വർഷം സന്യാസിയായും 56 വർഷം സന്യാസപുരോഹിതനായും) വിശ്വാസ ജീവിതയാത്ര പൂർത്തിയാക്കി തന്റെ നിത്യസമ്മാനത്തിനായി കടന്നു പോയ പ്രിയ ബഹുമാനപ്പെട്ട ബേസിൽ നല്ലുത്താനത്ത് ഒ.ഐ.സി. അച്ചന്റെ പാവനസ്മരണയ്ക്കുമുമ്പിൽ പ്രാർത്ഥനകൾ നേർന്നുകൊണ്ട് ബഥനി ശബ്ദത്തിന്റെ ഈ ലക്കം ബഹു.അച്ചനെ അറിയുന്നവർക്കും സ്നേഹിക്കുന്നവർക്കുമായി പ്രകാശനം ചെയ്യുന്നു. ബേസിലച്ചനുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന അനേകം പേരുണ്ട്. അതിൽ ഏതാനും പേരോടുമാത്രമേ ബഹു. അച്ചനെ സ്മരിച്ചുകൊണ്ട് ഏതാനും വാക്കുകൾ എഴുതാൻ ആവശ്യപ്പെട്ടുള്ളു. ആരോടൊക്കെ ആവശ്യപ്പെട്ടുവോ അവരെല്ലാം തന്നെ വളരെ താല്പര്യത്തോടും സന്തോഷത്തോടുംകൂടി ഈ ജോലി ഏറ്റെടുത്ത് 'ബേസിൽ' എന്ന ബഥനി സന്യാസ വൈദികനെ ജനഹൃദയങ്ങളിൽ സജീവമാക്കി; അദ്ദേഹത്തിന്റെ ഗൗരവമാർന്നതും അതേസമയം സ്നേഹമസൃണവും നിർമ്മലവുമായ മുഖം മറ്റുള്ളവർക്കായി പ്രകാശിപ്പിച്ചു. അവരെല്ലാവരോടമുള്ള നന്ദി ഇവിടെ അറിയിക്കട്ടെ.

ബഹുമാനപ്പെട്ട ബേസിൽ അച്ചന്റെ കുടുംബാംഗങ്ങളെ ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു. നല്ലുസ്ഥാനം എന്ന നല്ലുത്താനം കുടുംബത്തിൽ നിന്നുള്ള കുടുംബാംഗങ്ങൾ, ബഹു.വർഗീസ് മുളവേലിൽ അച്ചൻ ഉൾപ്പെടെ, ബേസിലച്ചന്റെ തിരുവല്ലായിലുള്ള വാർദ്ധക്യ-വിശ്രമ കാലയളവിൽ സന്ദർശിച്ച് സ്നേഹവാത്സല്യത്തോടും കരുതലോടും ചിലവഴിച്ച നിമിഷങ്ങൾ സ്നേഹപൂർവ്വം ഓർക്കുന്നു.

അസാധാരണമല്ലാത്തതും അസാധാരണത്വമില്ലാത്തതുമായ ഒരു വ്യക്തിയാണ് താൻ എന്നു പറയുന്നതിൽ അഭിമാനംകൊണ്ട ബഹു. അച്ചൻ തന്റെ സാധാരണത്വത്തിലൂടെ അസാധാരണ സ്വാധീനം ജനഹൃദയങ്ങളിൽ നേടിയിരുന്നു എന്നത് മറ്റൊരു പരമാർത്ഥം. ഏതാണ്ട് ഒരു വർഷം (1980–'81) മാത്രമേ എന്റെ മാതൃഇടവകയുടെ (പെരിങ്ങര- തിരുവല്ല) വികാരിയായി സേവനമനുഷ്ഠിച്ചുള്ളൂ എങ്കിലും ബഹു.അച്ചന്റെ ഗൗരവഭാവത്തിലുള്ള സ്നേഹമസൃണമായ സാന്നിദ്ധ്യം

ഇടവകജനം അയവിറക്കുന്നു. എപ്പോൾ കണ്ടാലും ഇടവകജനത്തിന്റെ ക്ഷേമം പേരെടുത്തു പറഞ്ഞ് അന്വേഷിക്കുന്നത് അച്ചന്റെ ഒരു പ്രത്യേകതയാണ്. വികാരിയായിരിക്കെ ബഹു.അച്ചൻ തിരുവല്ലായിൽ നിന്നും മുക്കംപാലയ്ക്കു ട്രാൻസ്ഫർ ആയിപ്പോയതും ഞാൻ ബഥനി ആശ്രമത്തിൽ അർത്ഥിയായി പ്രവേശിച്ചതും ഒരേ ദിവസമായിരുന്നു (25 മെയ് 1981) എന്നത് ആകസ്മികം!

ദൈവജനത്തിന്റെ ഇടയിൽ മുതിർന്ന തലമുറയിൽപ്പെട്ട ചിലർ ഇന്നും പറയും "ബേസിൽ അച്ചനോടു കളിച്ചാൽ മുഖനോട്ടമില്ലാതെ 'ഉരുളയ്ക്ക് ഉപ്പേരി' എന്നവിധം തിരികെ കിട്ടും" എന്ന്. അതേസമയം ബഹു.അച്ചനിലെ ആർദ്രതയുള്ള, കരുണയുള്ള, സ്നേഹമുള്ള, ആത്മാർത്ഥതയുള്ള മനുഷ്യനെ ജനം തിരിച്ചറിഞ്ഞിരുന്നു. മറ്റുള്ളവരുടെ നന്മകളും കഴിവുകളും പ്രോത്സാഹിപ്പിക്കുന്നതിൽ ഒരിക്കലും പിശുക്ക് കാണിച്ചിട്ടില്ല. ബഹു.അച്ചൻ ഒരു കായികപ്രേമി ആയിരുന്നതോടൊപ്പം കായികരംഗത്ത് ആവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്തിരുന്നു. മിഷൻ മേഖലകളിലും ഇടവകകളിലുമെല്ലാം അച്ചന്റെ ഈ വലിയ സ്നേഹസാന്നിദ്ധ്യം അവരെ സഭാ ജീവിതത്തിൽ സമ്പന്നരാക്കി എന്നതിൽ സംശയമില്ല.

സമൂഹാംഗങ്ങളോടുള്ള അച്ചന്റെ സ്നേഹവും ആദരവും അധികാരികളോടുള്ള ബഹുമാനവും വിധേയത്വവും എന്നും ഇളം തലമുറയ്ക്ക് മാതൃകയാണ്. അതേസമയം ഗൗരവഭാവത്തിലടങ്ങിയിരുന്ന നിഷ്കളങ്കതയും നിർമ്മലതയും നർമ്മരസവും ബഹു.അച്ചനെ അടുത്തറിഞ്ഞവർക്ക് എന്നും മധുരസ്മരണകൾ നല്കുന്നവയാണ്. വ്രതബദ്ധ ജീവിതം എന്നത് ആത്മാർത്ഥതയിലും ലാളിത്യത്തിലും പ്രാർത്ഥനയിലും വിധേയത്വത്തിലും അടിസ്ഥാനമിടുന്നതാണ് എന്ന് ബഹു.ബേസിലച്ചൻ ജീവിച്ചു കാണിച്ചു തന്നു.

പ്രിയ ജ്യേഷ്ഠ സഹോദരാ, അങ്ങു കാണിച്ചുതന്ന സന്യാസത്തിന്റെ- പൗരോഹിത്യ ത്തിന്റെ ലളിതമായ വഴി പിൻതലമുറക്ക് എന്നും പ്രചോദനമേകുന്നു. അങ്ങയോടുള്ള ബഥനികുടുംബത്തിന്റെ കടപ്പാടും സ്നേഹവും ഞങ്ങൾ പ്രകാശിപ്പിക്കട്ടെ, അങ്ങയുടെ ആത്മാവിന് നിത്യശാന്തി നേരട്ടെ!

"ശ്രേഷ്ഠസഹജാ പോവുക ശാന്ത്യാ...."

"ഞങ്ങളുടെ പിതാവേ സന്തോഷകരമായ മണവറയിൽ
ഇനി അങ്ങയെ ഞങ്ങൾ കാണുമാറാകട്ടെ."

**"നെഹസേക് ആബൂൻ ബഗ്നൂൻ ഹദുവോസോ"**

സ്നേഹത്തോടെ,

**ഫാ. ആന്റണി പടിപ്പുരയ്ക്കൽ ഒ.ഐ.സി.**
സെക്രട്ടറി ജനറൽ

# ബഥനിയിലെ സുതാര്യനായ സന്യാസി

**വെരി റവ. ഫാ. ജോസ് കുരുവിള പീടികയിൽ ഒ.ഐ.സി.**
**സുപ്പീരിയർ ജനറൽ**

ബഥനിയിലെ കടന്നുപോയ തലമുറകളൊക്കെ വലിയ പാഠങ്ങളും മാതൃകകളും നല്കിയിട്ടാണ് പോയിട്ടുള്ളത്. ബഹുമാനപ്പെട്ട ബേസിൽ നല്ലൂത്താനത്ത് ഒ.ഐ.സി അച്ചൻ തന്റെ ജീവിതത്തിന്റെ ലളിതമായ ശൈലികൊണ്ടും വാക്കുകൊണ്ടും നമ്മെ അതിശയിപ്പിക്കുന്നു. ജീവിതത്തിന്റെ ബലവും ബലഹീനതയും മനസ്സിലാക്കാനും ആ യാഥാർത്ഥ്യങ്ങളെ എളിമയോടെ അംഗീകരിക്കാനും "എടോ ഞാൻ ഇങ്ങനാ..... അല്ലെങ്കിൽ കാര്യങ്ങൾ ഇങ്ങനെയാ..." എന്നു മറ്റുള്ളവരോട് ഏറ്റു പറയുന്നതിൽ യാതൊരു വിമുഖതയും അദ്ദേഹത്തിനില്ലായിരുന്നു. വലിപ്പചെറുപ്പമില്ലാതെ ആരേയും സ്നേഹിക്കാനും, ഉൾക്കൊള്ളാനും അഭിമുഖീകരിക്കാനും ബൈബിളിലെ നഥാനിയേലിനെപ്പോലെ നിഷ്കപടനായ ഒരു 'ബഥനി സന്യാസി' എന്നതും അദ്ദേഹത്തിന്റെ ജീവിത സാക്ഷ്യമാണ്. ജീവിതാനുഭവങ്ങൾ നന്മയാകട്ടെ... തിന്മയാകട്ടെ..., വിജയമാകട്ടെ... പരാജയമാകട്ടെ..., സന്തോഷമാകട്ടെ... സന്താപമാകട്ടെ... സമവീക്ഷണത്തോടെ കാണാനും തുല്യതയോടെ ഉൾക്കൊള്ളാനും പോരത്തക്കവണ്ണമുള്ളതായിരുന്നു അദ്ദേഹത്തിന്റെ ആത്മീയതയും സന്യാസനിഷ്ഠയും. ജീവിതത്തിലെ വ്യത്യസ്തങ്ങളായ യാഥാർത്ഥ്യങ്ങളെ ഒരു നിഷ്കാമ കർമ്മനെപ്പോലെ സമീപിപ്പിക്കുവാനും ജീവിക്കുവാനും അദ്ദേഹം പരിശ്രമിച്ചു. വച്ചുകെട്ടുകളോ പൊയ്മുഖങ്ങളോ ഒന്നും ആ ജീവിതത്തെ ആകർഷിച്ചിട്ടില്ല. പിന്നെയോ, യഥാർത്ഥ 'പച്ച'യായ ജീവിത സാക്ഷ്യത്തിന്റെ നേർക്കാഴ്ചയായിരുന്നു ബേസിലച്ചൻ.

### തീക്ഷ്ണമതിയായ മിഷനറി

മലങ്കര സഭയിൽ 50 വർഷത്തിലധികം അദ്ദേഹം പൗരോഹിത്യ ശുശ്രൂഷ നിർവഹിച്ചു. ബഥനി ആശ്രമം ഏറ്റെടുത്ത മിഷൻ പ്രദേശങ്ങളിലാണ് കൂടുതൽ കാലവും അദ്ദേഹം ശുശ്രൂഷ ചെയ്തത്. കർണാടക, ബത്തേരി, നെടുമങ്ങാട്, കലയപുരം എന്നീ പ്രദേശങ്ങളിലെ മിഷനുകളിൽ അദ്ദേഹം വർഷങ്ങളോളം പൗരോഹിത്യ

ശുശ്രൂഷ നടത്തി. കാൽ നടയായും, സൈക്കിളിലും, അവസാനകാലത്ത് സ്കൂട്ടറിലുമാണ് അദ്ദേഹം യാത്ര ചെയ്തിരുന്നത്. ഒരു യുവവൈദികൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ സേവനം, പരാതിയോ പരിഭവമോ കൂടാതെ ദീർഘദൂരം കാൽനടയായി അദ്ദേഹം നമ്മുടെ മിഷനുകൾ ശക്തിപ്പെടുത്തി. ആശ്രമത്തിന്റെ ആവൃതികളും സംവിധാനങ്ങളും പരിമിതമായിരുന്ന കാലത്ത് ഒരു പരിഭവവും കൂടാതെ അദ്ദേഹം ശുശ്രൂഷകൾ ചെയ്തു. ഇന്ന് മലങ്കരയിലുള്ള പുത്തൂർ, ബത്തേരി, തിരുവല്ല, തിരുവനന്തപുരം എന്നീ രൂപതകളിലെ പല ഇടവകകളെയും രൂപപ്പെടുത്തുന്നതിനും വളർത്തിയെടുക്കുന്നതിനും അദ്ദേഹം തന്റെ ജീവിതം ബഥനിയിലെ സന്യാസ പൗരോഹിത്യത്തിലൂടെ സമർപ്പിച്ചു.

### വ്രതബദ്ധമായ സന്യാസജീവിതം

വളരെ കർക്കശക്കാരനും സ്വന്തം അഭിപ്രായങ്ങളെ മുറുകെപ്പിടിക്കുന്നവനുമായിരുന്നു ബഹു.ബേസിലച്ചൻ. ഏതുകാര്യവും വിശദമായി മനസ്സിലാക്കുകയും അതിനെക്കുറിച്ച് വ്യക്തിപരമായ ധാരണ രൂപപ്പെടുത്തുകയും ചെയ്യുന്ന വ്യക്തിത്വമായിരുന്നു ബഹു.ബേസിലച്ചന്റേത്. തന്റെ അഭിപ്രായങ്ങൾ തുറന്നുപറയുന്നതിനും അത് മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നതിനും അച്ചൻ പരിശ്രമിച്ചു. ഒരു സന്യാസി എന്ന നിലയിൽ തന്റെ അധികാരികളോടുള്ള വിധേയത്വവും കടമയും മറ്റെന്തിനേക്കാളും അദ്ദേഹം ശ്രേഷ്ഠമായി കരുതി– "സുപ്പീരിയറച്ചൻ പറഞ്ഞു, എന്നാൽ അങ്ങനെയാകട്ടെ." സന്യാസജീവിതത്തെയും അതിലെ വ്രതങ്ങളെയും ഏറ്റവും അധികം സ്നേഹിച്ച് തന്റെ സ്വാർത്ഥതകളെല്ലാം വെടിഞ്ഞ് ജീവിച്ച ഒരു എളിയ വ്യക്തിത്വത്തിന് സാക്ഷിയായിരുന്നു ബഹു.ബേസിലച്ചൻ.

## വലുത കൈ ചെയ്യുന്നത് ഇടതു കയ്യ് അറിയിക്കാത്തവൻ

വലിയ കോലാഹലങ്ങൾ ഒന്നും കൂടാതെ തന്റെ പൗരോഹിത്യ ജീവിതം സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്നവരെയും വേദന അനുഭവിക്കുന്നവരേയും ഒറ്റപ്പെട്ടു ജീവിക്കുന്നവരേയും ബലപ്പെടുത്താൻ അദ്ദേഹം വിനിയോഗിച്ചു. താൻ സേവനം ചെയ്ത ഇടവകകളിലും പ്രദേശത്തും അർഹരായവരെ ഏതു വിധത്തിലും സഹായിക്കുന്നതിനും അദ്ദേഹം പരിശ്രമിച്ചു. ഈ നിശബ്ദ സേവനത്തിന് പാത്രീഭൂതരായ പല വ്യക്തികളും വിങ്ങുന്ന ഹൃദയത്തോടും വിതുമ്പുന്ന ചുണ്ടുകളോടും അച്ചന്റെ ശവസംസ്കാര ശുശ്രൂഷയിൽ

പങ്കെടുത്തു എന്ന് സാക്ഷ്യപ്പെടുത്തുന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. യാതൊന്നും തിരികെ പ്രതീക്ഷിക്കാതെ തന്റെ ജീവിതം മുഴുവൻ എളിയ തലത്തിൽ ആരുടെയും പ്രശംസ പ്രതീക്ഷിക്കാതെ ജീവിതം നയിച്ച ഒരു വന്ദ്യ പുരോഹിതൻ.

**തേജോമയമായ വാർധക്യകാലം**

വളരെ ചിട്ടകളും കർക്കശസ്വഭാവവും മുഖം നോക്കാതെയുള്ള പ്രതികരണങ്ങളും അദ്ദേഹത്തിന്റെ വാർദ്ധക്യകാലത്തിന് മങ്ങലേല്പിക്കുമോ എന്ന് പലരും ചിന്തിച്ചിരുന്നു. എന്നാൽ അതിന് വിപരീതമായി തിരുവല്ലാ ആശ്രമത്തിൽ തന്റെ വിശ്രമകാലം വളരെ സന്തോഷത്തോടും ഉത്സാഹത്തോടും അദ്ദേഹം ജീവിക്കുകയും അവശതയനുഭവിക്കുന്ന തന്റെ സഹോദര വൈദികരെ ഏറെ സ്നേഹത്തോടെ ശുശ്രൂഷിക്കുകയും ചെയ്ത ഒരനുഭവമാണ് തിരുവല്ല ആശ്രമത്തിലെ വൈദികർക്ക് ബേസിലച്ചനെക്കുറിച്ചുള്ളത്. പ്രായത്തിന്റെയോ രോഗത്തിന്റെയോ അലട്ടലുകൾ ഒരു വിധത്തിലും അദ്ദേഹം പ്രകടിപ്പിച്ചിട്ടില്ല. വേദനകളും ഭാരങ്ങളും ഇല്ലാഞ്ഞിട്ടല്ല, ഒരു ക്രിസ്തുശിഷ്യന്റെ സഹനത്തോടെ അദ്ദേഹം അവയെ ഉൾക്കൊണ്ടു. ഒരിക്കൽ അദ്ദേഹത്തോട് ആരോഗ്യത്തെക്കുറിച്ചും രോഗത്തെക്കുറിച്ചും ചോദിച്ചപ്പോൾ തന്റെ ജീവിത വീക്ഷണം അദ്ദേഹം തുറന്നുപറഞ്ഞു: “ഉച്ചയാകാൻ പാടാണച്ചോ.... പക്ഷേ ഉച്ചകഴിഞ്ഞാൽ, സന്ധ്യയാകാൻ എളുപ്പമാണ്.” ജീവിതത്തിന്റെ വാർധക്യകാലത്തെ തന്മയത്വത്തോടെ മുന്നിൽകണ്ട് തന്റെ ഉച്ചവരെയുള്ള ജീവിതം വളരെ കഠിനാധ്വാനത്തോടെ ജീവിച്ച് തന്നെ തന്റെ ദൈവത്തോട് ചേർത്തുവയ്ക്കാൻ അദ്ദേഹം തന്നെ ത്തന്നെ ഒരുക്കുകയായിരുന്നു. തന്റെ ഭൗമിക ജീവിതത്തിലെ അവസാന ഒരു മാസക്കാലം രോഗബാധിതനായി കിടന്നും, എല്ലാവരുടെയും ശുശ്രൂഷകളും പ്രാർത്ഥനകളും ഏറ്റുവാങ്ങി, അദ്ദേഹം തന്റെ ജീവിതത്തിൽ ആരെ രക്ഷകനായി സ്വീകരിച്ച് സന്യാസത്തിലൂടെ ശുശ്രൂഷിച്ചുവോ... ആ രക്ഷകനോട് നിത്യമായി ചേർക്കപ്പെട്ടു.

വന്ദ്യനായ ബേസിലച്ചാ, അങ്ങേയ്ക്ക് ഞങ്ങളുടെ പ്രണാമം!

# ബഥനിയുടെ കന്മദം

**വെരി റവ. ഫാ. ജോസ് മരിയദാസ് ഒ.ഐ.സി.**
**പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജ്യോതി പ്രോവിൻസ്**

പ്രകൃതി പലപ്പോഴും അതിന്റെ അനർഘമായ പല നന്മകളെയും കട്ടിയുള്ള ആവരണത്തിനുള്ളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഉദാഹരണം, നാളികേരം. നാളികേരത്തിനുള്ളിലെ പരിപ്പും, മധുരമുള്ള വെള്ളവും ലഭിക്കുവാൻ ചകിരിയും, ചിരട്ടയും ഭേദിച്ച് ഉള്ളിൽ ചെല്ലണം. വാൽനട്ടും കശുവണ്ടിയും മറ്റ് പല ഫലമൂലാദികളും ഇങ്ങനെ തന്നെയാണ് പ്രകൃതി സംരക്ഷിക്കുന്നത്. ഇപ്രകാരം പ്രകൃതിയിൽ കണ്ടെത്തുന്ന അമൂല്യ ഔഷധമാണ് ആയുർവ്വേദഗ്രന്ഥങ്ങളിൽ പരാമർശിക്കപ്പെടുന്ന "കന്മദം" എന്ന വസ്തു. ഇത് കണ്ടെത്തുന്നത് കരിമ്പാറയ്ക്കുള്ളിലാണ്. വെയിലേറ്റാൽ ഉരുകിപ്പോകുന്ന കന്മദം, ബിറ്റുമിൻ പോലെയുള്ള ഒരു വസ്തുവാണ്. കരിങ്കല്ലിന്റെ ഹൃദയം എന്ന് കന്മദത്തെ വിശേഷിപ്പിക്കാം. വിന്ധ്യ പർവ്വതനിരകളിൽ ആണ് ഇത് കൂടുതലായി കണ്ടെത്തിയിട്ടുള്ളത്. നമ്മിൽ നിന്ന് വേർപിരിഞ്ഞ പ്രിയപ്പെട്ട ബേസിൽ അച്ചനെ ഓർക്കുമ്പോൾ "കന്മദ"ത്തെക്കുറിച്ചാണ് ഓർമ്മ വരിക. ബഥനിയുടെ "കന്മദം" ആണ് ബഹു.ബേസിലച്ചൻ.

പുറമെ നിന്ന് നോക്കുമ്പോൾ വലിയ ഗൗരവവും, കാർക്കശ്യവുമൊക്കെ തോന്നും. അച്ചന്റെ വ്യക്തിത്വത്തിന്റെ മുഖമുദ്രയും അതായിരുന്നു. എന്നാൽ ആ പരാമർശത്തിൽ അച്ചൻ ഒട്ടും അസന്തുഷ്ടനുമല്ലായിരുന്നു. അച്ചൻതന്നെ ഒരിക്കൽ പറഞ്ഞ ഒരു കാര്യം ഓർക്കുന്നു. അദ്ദേഹം ഡിഗ്രി പഠനാർത്ഥം മാർ ഈവാനിയോസ് കോളേജിൽ പഠിക്കുന്ന കാലം. മിസ്റ്റർ കാരി, മിസിസ്സ് കാരി തുടങ്ങിയ അധ്യാപക ദമ്പതികളെപ്പോലുള്ള പ്രഗത്ഭർ കോളേജിലുള്ള സമയമാണ്. ഒരിക്കൽ സ്റ്റാഫ് റൂമിലെ സൗഹൃദസംഭാഷണങ്ങൾക്കിടയിൽ അച്ചൻ പരാമർശ വിധേയനായി. ആരോ മിസിസ്സ് കാരിയോട് ചോദിച്ചു. ഫാ.ബേസിലിനെക്കുറിച്ച് എന്താണഭിപ്രായം. ഉടൻ മറുപടി വന്നു: "A Priest with a ferocious look." ആരും കേട്ടാൽ വാടിപ്പോകുന്ന ഒരു കമന്റ്. എന്നാൽ ബേസിലച്ചൻ ഇത് പറഞ്ഞിട്ട് പൊട്ടിച്ചിരിക്കും. ഒരുപക്ഷെ താൻ തന്നെ

സൃഷ്ടിച്ചുവച്ച കട്ടിയുള്ള ആവരണത്തിനുള്ളിൽ ഒളിപ്പിച്ച് വച്ചിരിക്കുന്ന ഒരു “കന്മദാനുഭവം” ആയിരുന്നു ആ ചിരി.

ഒത്തു തീർപ്പില്ലാത്ത നിലപാടുകളും, മാർദ്ദവം ഇല്ലാത്ത സംവേദനങ്ങളും സ്വന്തമാക്കിയ ബേസിലച്ചന്റെ ജീവിതത്തിൽ നന്മനിറഞ്ഞ ഒരു വൈരുദ്ധ്യം ഉണ്ടായിരുന്നു. സഭാധികാരികളോടുള്ള വിധേയത്വവും അനുസരണവും. അതുകൊണ്ടുതന്നെ ഒരു നിഷേധിയെന്നോ, റിബൽ എന്നോ അച്ചനെ ഒരിക്കലും ആർക്കും വിളിക്കാനുമാകില്ല. ഒരു സ്ഥലമാറ്റത്തിനും എതിരായി അച്ചൻ പ്രതികരിച്ചിട്ടില്ല എന്നു മാത്രമല്ല, അദ്ദേഹത്താൽ കഴിയും വിധം ആ ശുശ്രൂഷകളെ ഏറ്റെടുത്ത് നടത്തുകയും ചെയ്തു. വർഷങ്ങൾക്കു മുൻപ് അദ്ദേഹം ശുശ്രൂഷ ചെയ്ത ഇടവകകളിലെ ജനം ശവസംസ്ക്കാരശുശ്രൂഷകളിൽ പങ്കെടുത്തതുതന്നെ ഈ ആചാര്യജന്മത്തിന് കിട്ടിയ സാക്ഷ്യപത്രമാണ്.

വാർദ്ധക്യകാലത്ത് പോലും അദ്ദേഹത്തെ സന്ദർശിക്കുമ്പോൾ സ്വതസിദ്ധമായ നിറഞ്ഞ ചിരിയോടെ, കസേരയിൽ നിന്ന് എഴുന്നേറ്റ് ബഹുമാനിക്കുവാൻ ശ്രമിക്കുന്ന ബേസിലച്ചനെ ഓർക്കുന്നു. അദ്ദേഹത്തേക്കാൾ എത്രയോ പ്രായക്കുറവുള്ള നമ്മൾ അദ്ദേഹത്തിന്റെ മുമ്പിൽ വല്ലാണ്ട് ചെറുതായിപ്പോകുന്ന നിമിഷങ്ങൾ ആയിരുന്നു ഓരോ സന്ദർശന വേളകളും.

കാർക്കശ്യമുള്ള ബേസിലച്ചൻ തന്റെ വാർദ്ധക്യദിനങ്ങൾ നിർബന്ധബുദ്ധികൊണ്ട് ക്ലേശപൂർണ്ണമാകും എന്ന് കരുതിയവരുടെ കണക്കുകൂട്ടലുകൾ അദ്ദേഹം തെറ്റിച്ചു. ഏറെ വിശാലമനസ്സോടെ പ്രതികരിച്ചും, തമാശകൾ പറഞ്ഞും, കവിതാശകലങ്ങൾ ചൊല്ലിയും, ക്രിക്കറ്റും ഫുട്ബോളും ആസ്വദിച്ചും അദ്ദേഹം ജീവിതസായന്തനങ്ങൾ ഉല്ലാസഭരിതമാക്കി.

തിരുവല്ലാ ആശ്രമത്തിൽ എത്തുന്ന അനേകരുടെ കുമ്പസാര പിതാവ് എന്ന ശുശ്രൂഷയും അദ്ദേഹം ഭംഗിയായി നിറവേറ്റി.

‘വിളഞ്ഞ് പഴുത്ത കായ്കനികൾക്ക് മധുരം കൂടും’ എന്ന നാട്ടുചൊല്ലുപോലെയായിരുന്നു, ഈ കന്മദജന്മത്തിന്റെ വാർദ്ധക്യദിനങ്ങൾ എന്ന് ഒറ്റവാചകത്തിൽ പറഞ്ഞുവയ്ക്കാം.

ബഥനിയിൽ ബേസിലച്ചൻ സൃഷ്ടിച്ച ഇരിപ്പിടം ഇനിയും ഒഴിഞ്ഞുകിടക്കും എന്ന് തോന്നുന്നു; പക്ഷെ അദ്ദേഹത്തിന്റെ ഓർമ്മകൾ എന്നും ദീപ്തമായിരിക്കും. ബഥനിയിലെ ഉല്ലാസവേളകളിലും, വെടിവട്ടങ്ങളിലും, പൂർവ്വസ്മരണകളുടെ അയവിറക്കലുകളിലും എല്ലാം, "എന്താടോ സുഖമല്ലേ" എന്ന് ഒട്ടും മയമില്ലാത്ത സ്വരത്തിൽ, പൊട്ടിച്ചിരിയുടെ അകമ്പടിയോടെ, ചോദിച്ചുകൊണ്ട് ബേസിലച്ചൻ നമ്മളെ വീണ്ടും നല്ല ഓർമ്മകളായി ഇടക്കിടെ സന്ദർശിക്കാനെത്തും എന്ന് ഉറപ്പാണ്.

ശതാബ്ദിവർഷം ബഥനി, സ്വർഗ്ഗത്തിലെ തന്റെ മക്കളുടെ ഗണത്തിലേക്ക് സമർപ്പിച്ച കാഴ്ചഫലമായി ബേസിലച്ചൻ മാറിയിരിക്കുന്നു. എന്താണ് തന്നെ സ്നേഹിച്ചവർക്ക് അദ്ദേഹം മാറ്റിവച്ച അവസാന സന്ദേശം? ഒരു പക്ഷെ അത് ഒരു ചരിത്രപാഠമാണ്:

ഇസങ്ങളും പ്രസ്ഥാനങ്ങളുമല്ല ചരിത്രത്തിന്റെ താളുകളിലെ യഥാർത്ഥ താരങ്ങൾ. ഈ ഇസങ്ങളിലും പ്രസ്ഥാനങ്ങളിലും നാം കണ്ടുമുട്ടുന്ന നേരും, നെറിയുമുള്ള നല്ല മനുഷ്യരാണ് പ്രസ്ഥാനങ്ങളിലെയും ഒപ്പം ചരിത്രത്തിലെയും നായകർ.

അപ്രിയസത്യം പറയാതിരിക്കുന്നതിലെ ചാണക്യതന്ത്രമോ, കൗശലമോ ദീർഘനാൾ നിലനില്ക്കയില്ല. വേദനിപ്പിക്കുന്നതാണെങ്കിലും സത്യത്തിനൊപ്പം ചില നന്മകൾ ചേർത്തുവച്ച് ചങ്കുറപ്പോടെ നിൽക്കുന്ന നിലപാടാണ് ചരിത്രത്തെ അതിജീവിക്കുന്നത്.

നിലപാടുകൾ ഒത്തു തീർപ്പില്ലാത്തവയാണെങ്കിലും, ശത്രുവായി മാറി പുറത്തു നിന്നുകൊണ്ട് സംവിധാനങ്ങളെ തകർത്തു സർവ്വനാശം വരുത്താതെ ഉള്ളിൽ നിന്ന് തിരുത്തൽ ശക്തിയാവുന്നതാണ് വിവേകപൂർവ്വമായ പ്രവർത്തി.

വാക്കുകളിലെ കൃത്രിമത്വം നിറഞ്ഞ സൗന്ദര്യത്തേക്കാൾ നിലനിൽക്കുന്നത്, കാർക്കശ്യമുള്ള നിലപാടുകളിലെ നേരും, നെറിയുമാണ്.

മറ്റുള്ളവരുടെ സഹായം ആവശ്യമായി വരുന്ന വാർദ്ധക്യകാലം, അഴകുള്ള സമീപനങ്ങളോടെ സൗമ്യമാക്കാൻ കഴിയുന്നത് വലിയ ഒരു ഭാഗ്യമാണ്.

Retire with grace എന്ന് പറയുന്ന പ്രയോഗം ജീവിതത്തിൽ ആവിഷ്ക്കരിക്കാൻ കഴിയുന്നത് ഒരു മുജ്ജന്മസുകൃതം തന്നെ.

ഒരു ജീവിതകാലം മുഴുവൻ സ്വാർത്ഥതാല്പര്യങ്ങൾ സാധിക്കുവാൻ മിനക്കെടുന്നതിനേക്കാളും, എല്ലാവരെയും സുഖിപ്പിച്ച് കാര്യങ്ങൾ നേടാൻ ഒരു നിലപാടും ഇല്ലാതെ ജിവിക്കുന്നതിനേക്കാളും ഭേദം, ഒറ്റപ്പെട്ടുപോകുമെങ്കിലും സ്വന്തം നിലപാടുകളുടെ ചങ്ങാത്തം നഷ്ടപ്പെടാതിരിക്കുന്നതാണ്.

എത്ര വലിയ കുറവുകൾ ഉണ്ടെങ്കിലും, ദൈവകൃപയോട് സഹകരിച്ചാൽ ജീവിതസായാഹ്നങ്ങളിൽ ഉള്ളിലെ "കന്മദനന്മകൾ," മറ്റുള്ളവർക്ക് അനായാസം പങ്കുവച്ച്, ആവലാതികളും പരിഭവങ്ങളും സൃഷ്ടിക്കുന്ന, അലോസരങ്ങൾ ഇല്ലാതെ ജീവിതത്തിന് ചുരുക്കെഴുത്ത് കുറിക്കാം.

ഒടുവിൽ ഒരുനാൾ മരണമെത്തുന്ന വേളയിൽ ചങ്കുറപ്പോടെ മരണത്തിന്റെ തോളിൽ കയ്യിട്ട്, "വാടോ പോകാമെടോ" എന്ന് പറഞ്ഞുകൊണ്ട് ജീവിതത്തിന്റെ പുറംവാതിലിലൂടെ പുറത്തേക്ക് ഉറച്ച കാൽവയ്പുകളോടെ നടന്നകന്ന് പോകാൻ കഴിയും.

ആണത്തമുള്ളവന്റെ മരണത്തിന് പോലും ഒരഴകുണ്ട്. അയാളുടെ തോൽവിക്കുപോലും ഒരു കൗശലക്കാരന്റെ വിജയത്തിനേക്കാളും സൗന്ദര്യമുണ്ട്.

പാഠങ്ങൾ ഒരു പാട് പകർന്നുതന്ന ബേസിലച്ചാ നന്ദി... സമാധാനത്താലെ പോവുക... ഓർമ്മകളിൽ, പ്രാർത്ഥനകളിൽ അവിടുന്ന് മായുകയില്ല.

# ബഥനിയെ തൊട്ടറിഞ്ഞ സന്യാസവര്യൻ

**വെരി റവ. ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി.**

**പ്രൊവിൻഷ്യൽ സുപ്പീരിയർ, നവജീവൻ പ്രോവിൻസ്**

ബഹുമാനപ്പെട്ട ബേസിൽ അച്ചൻ ആഡംബരങ്ങളോ ആഘോഷങ്ങളോ ഒന്നുമില്ലാത്ത, ലളിതജീവിതം നയിച്ച ഒരു യഥാർത്ഥ ബഥാന്യൻ, ബഥനി ചരിത്രത്തിന്റെ താളുകളിൽ ആലേഖനം ചെയ്യപ്പെടുന്നു. തന്റെ ജീവിതകാലം മുഴുവൻ സഭയ്ക്കും സമൂഹത്തിനും വേണ്ടി അഹോരാത്രം അദ്ദേഹം പ്രയത്നിച്ചു. ബഹു.അച്ചൻ സേവനം ചെയ്ത സ്ഥലങ്ങളിലൊക്കെ തന്റെ വ്യക്തിമുദ്ര പതിപ്പിച്ചു.

സന്യാസ വൈദിക ജീവിതത്തിൽ സമൂഹ ജീവിതത്തിന് പ്രാധാന്യം നല്കി ജീവിച്ച ബേസിലച്ചൻ നർമ്മബോധത്തിലുള്ള സംസാരത്തിലൂടെ സമൂഹ ജീവിതത്തെ സജീവമാക്കാൻ എപ്പോഴും പ്രയത്നിച്ചു. ബഹു. അച്ചന്റെ ജീവിത ശൈലിയും പ്രവർത്തന ശൈലിയും വളരെ ധീരമായിരുന്നു. തനിക്കു പറയാനുള്ള കാര്യങ്ങൾ ആരോടും യാതൊരു മറവുമില്ലാതെ തുറന്ന ഹൃദയത്തോടെ സംസാരിക്കുന്ന ബേസിലച്ചനെ ആർക്കും മറക്കുവാൻ സാധിക്കില്ല. പ്രത്യക്ഷത്തിൽ ഗൗരവക്കാരനെങ്കിലും ഒരു മൃദുല ഹൃദയത്തിന്റെ ഉടമയായിരുന്ന അച്ചൻ ഏറ്റെടുത്തിട്ടുള്ളതും ഏല്പിച്ചിട്ടുള്ളതുമായ എല്ലാ മേഖലകളിലും അച്ചന്റേതായ ഒരു വ്യത്യസ്ഥത എപ്പോഴും നിലനിർത്തിയിരുന്നു.

വിശുദ്ധ കുർബാനയ്ക്കും പ്രാർത്ഥനയ്ക്കും ധ്യാനത്തിനും പ്രാധാന്യം കൊടുത്തുള്ള അച്ചന്റെ ജീവിതം മറ്റുള്ളവർക്കു മാതൃകയാണ്. ഒരു ബഥാന്യന്റെ ലളിത ജീവിതശൈലി എന്താണെന്ന് ജീവിതത്തിലൂടെ അച്ചൻ കാണിച്ചുകൊടുത്തു.

താഴെ തട്ടിലുള്ളവരോട് കൂടുതൽ കരുതലുള്ള ഒരു ഹൃദയത്തിനുടമയായിരുന്ന ബേസിലച്ചൻ അവർക്ക് സഹായഹസ്തം നീട്ടുന്നതിന് എന്നും പരിശ്രമിച്ചിരുന്നു. ജീവിതത്തിൽ കണ്ടുമുട്ടുന്നവർക്കെല്ലാം സമീപസ്ഥനും സുഹൃത്തുമായി എപ്പോഴും നിലകൊണ്ടു.

ജീവിച്ചു തീർത്ത വഴികളെ ദീപ്തമാക്കി നിത്യ സൗഭാഗ്യത്തിലേക്ക് യാത്രയായ കടന്നുപോയ ബഹു.ബേസിലച്ചന് ഞങ്ങളുടെ പ്രണാമം!

# നാൾവഴിയിലൂടെ....

**റവ. ഫാ. മാർട്ടിൻ പ്രേമാനന്ദ് ഒ.ഐ.സി.**
**സുപ്പീരിയർ, ബഥനി ദയറാ ആശ്രമം, തിരുവല്ല**

തിരുവല്ലാ വെൺപാലയിൽ, നല്ലുത്താനത്ത് ഐസക് - ഏലിയാമ്മ ദമ്പതികളുടെ മകനായി 1938 ജൂൺ 12-ന് ബഹു. ബേസിലച്ചൻ ജനിച്ചു. എൻ.വി.ജോൺ എന്നായിരുന്നു വ്രതസ്വീകരണത്തിനു മുൻപുണ്ടായിരുന്ന നാമം. തിരുമൂലപുരം ഇടവകാംഗമാണ്. അച്ചന്റെ 4 സഹോദരങ്ങളിൽ ഒരു സഹോദരി ഇന്നു ജീവിച്ചിരിക്കുന്നു. ഒരു സഹോദരിയുടെ ചെറുമകനാണ് ബഹു.വർഗ്ഗീസ് മുളവേലിൽ ഒ.ഐ.സി. അച്ചൻ.

1955-ൽ ആശ്രമത്തിൽ അർത്ഥിയായി ചേർന്ന അച്ചൻ 1958 മെയ് 15-ന് ആദ്യവ്രതവും 1962 മെയ് 24-ന് നിത്യവ്രതവും സ്വീകരിച്ചു. പൂനെ പൊന്തിഫിക്കൽ അത്തനേയത്തിൽ തത്വശാസ്ത്ര, ദൈവശാസ്ത്ര ബിരുദങ്ങളും മാർ ഈവാനിയോസ് കോളേജിൽ നിന്ന് ബിരുദവും നേടിയ ബേസിലച്ചൻ 1962 ഡിസംബർ 12-ന് അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് പൗരോഹിത്യം സ്വീകരിച്ചു. വിവിധ ആശ്രമങ്ങളിൽ സുപ്പീര്യർ, പ്രൊക്യുറേറ്റർ, ബോർഡിംഗ് മാസ്റ്റർ തസ്തികകൾ വഹിച്ചിട്ടുള്ള അച്ചൻ, സൗത്ത് കാനറായിൽ മിഷൻ സുപ്പീര്യറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. തിരുവനന്തപുരം, തിരുവല്ല അതിരൂപതകളിലും മാർത്താണ്ഡം, മാവേലിക്കര, സുൽത്താൻ ബത്തേരി, മൂവാറ്റുപുഴ, പുത്തൂർ രൂപതകളിലും അനേകം ഇടവകകളിൽ വികാരിയായി ബേസിലച്ചൻ സ്തുത്യർഹമാംവിധം ശുശ്രൂഷ നിർവഹിച്ചിട്ടുണ്ട്. കഴിഞ്ഞ 7 വർഷം തിരുവല്ലാ ദയറായിലെ അംഗമായി കഴിഞ്ഞുവന്ന ബേസിലച്ചൻ വാർദ്ധക്യസഹജമായ രോഗാവസ്ഥയിലായിരുന്നെങ്കിലും ഈ വിശ്രമാവസരം നിഷ്ഫലമായി ചെലവഴിച്ചിരുന്നില്ല. അനുരഞ്ജന കൂദാശയ്ക്ക് (വി.കുമ്പസാരം) എത്തിയിരുന്ന ആളുകൾക്ക് ഏതു സമയത്തും അച്ചൻ സംലഭ്യനായിരുന്നു.

സ്പോർട്സും സാഹിത്യവുമെല്ലാം അച്ചനു പ്രിയപ്പെട്ടവയായിരുന്നു. പ്രഗത്ഭ ഭാഷാധ്യാപകനായിരുന്ന പിതാവിന്റെ സാഹിത്യവാസന അച്ചനു ലഭിച്ചിരുന്നു. അവ ഞങ്ങളെ ഇടയ്ക്ക് ചൊല്ലി കേൾപ്പിച്ച് രസിപ്പിക്കുമായിരുന്നു. പ്രായഭേദമെന്യേ എല്ലാവരോടും സൗഹൃദം പുലർത്തിയിരുന്ന ആളായിരുന്നു അച്ചൻ. തമാശകൾ

ആസ്വദിച്ചും, തമാശകൾ പറഞ്ഞു പൊട്ടിച്ചിരിച്ചും താൻ ആയിരിക്കുന്ന community-യെ അച്ചൻ എപ്പോഴും സജീവമാക്കി.

ഭീതിയോ, പക്ഷമോ കൂടാതെ പറയാനുള്ള കാര്യം ആരോടും പറയാനുള്ള ആർജ്ജവം ബേസിലച്ചൻ പ്രകടിപ്പിച്ചിരുന്നു. എന്നാൽ ആരോടും കലുഷതയും പരിഭവവും കാട്ടിയിരുന്നില്ല. വെട്ടിത്തുറന്ന കാര്യങ്ങൾ പറയുമ്പോഴും അധികാരികളോടുള്ള അച്ചന്റെ വിധേയത്വവും ബഹുമാനവും വളരെ മാതൃകാപരമായിരുന്നു. പ്രായാധിക്യത്തിന്റെയും പലവിധരോഗങ്ങളുടെയും അസ്വസ്ഥത കൾക്കിടയിലും ആർക്കും ബുദ്ധിമുട്ടുണ്ടാക്കാതെ, ഏതു സാഹചര്യ ങ്ങളുമായും സമരസമപ്പെട്ടുപോകുന്ന പ്രകൃതമായിരുന്നു ബേസിലച്ചന്റേത്.

2019 ജനുവരി 1-ന് അച്ചന്റെ നാമഹേതുകത്തിരുനാൾ ഞങ്ങൾ ഇവിടെ ആഘോഷിക്കയുണ്ടായി. അന്ന് അച്ചൻ വളരെ അവശതയി ലായിരുന്നാൽ അച്ചന്റെ മറുപടി പ്രസംഗം ആരും പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ വളരെ ക്ഷീണിതമെങ്കിലും വ്യക്തമായി, ആശ്രമത്തിൽ നിന്നു താൻ സ്വീകരിച്ച നന്മകളെ അച്ചൻ എടുത്തു പറയുകയുണ്ടായി. ഇതായിരുന്നു അച്ചൻ ഇതഃപര്യന്തമുള്ള ജീവിതം - എല്ലാറ്റിനും നന്ദി പറഞ്ഞു ജീവിക്കുക; എപ്പോഴും സന്തോഷവാനായിരിക്കുക.

A graceful old age (അനുഗ്രഹീതമായ ഒരു വാർദ്ധക്യകാലം) എന്ന് ബേസിലച്ചന്റെ അവസാനകാലത്തെപ്പറ്റി ഉറപ്പായി പറയാം. ബഹു.അച്ചന്റെ വാർദ്ധക്യകാലം വളരെ അനുഗ്രഹീതമായി രുന്നു. മൂന്ന് ആഴ്ചക്കാലത്തോളം അച്ചൻ പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആയിരുന്നു. ഡിസംബർ 8-ന് അച്ചന് രോഗീലേപനം നൽകി. 2019 ഫെബ്രുവരി 4-ാം തീയതി ഉച്ചകഴിഞ്ഞ് അച്ചൻ ആശുപത്രി യിൽനിന്ന് സ്വന്തഭവനമായ തിരുവല്ലാ ദയറായിൽ വന്നു. എല്ലാവ രെയും കണ്ടു സന്തോഷിച്ചു. അന്നു രാത്രിതന്നെ 9.20-ന് ബേസിലച്ചൻ തന്റെ സ്വർഗീയ ഭവനത്തിലേക്കു യാത്രയായി. മരിക്കുംമുമ്പ് ബേസിലച്ചൻ ആവശ്യപ്പെട്ട കാര്യം ഇനി എല്ലാ ദിവസവും അച്ചന് വി.കുർബ്ബാനകൊണ്ടു കൊടുക്കണമെന്നായിരുന്നു. ഒരുമാസത്തോളം സ്ഥിരം കിടപ്പിലായിരുന്ന അച്ചൻ വീൽ ചെയറിൽ ഇരുന്ന് രോഗിയായി കിടക്കുന്ന വില്യമച്ചനെ സന്ദർശിക്കാൻ മുതിർന്നു.

അങ്ങനെ, മരണമെത്തിയ നേരത്തു പോലും സാഹോദര്യത്തി ന്റെയും മാതൃക നൽകി, വിടവാങ്ങിയ പ്രിയപ്പെട്ട ബേസിലച്ചാ, അങ്ങേയ്ക്കു കണ്ണീരണിഞ്ഞ പ്രണാമം!

# അതിജീവനത്തിന്റെ ആൾരൂപം

**വെരി റവ. സി. ലില്ലി ജോസ് എസ്.ഐ.സി.**

**മദർ പ്രൊവിൻഷ്യൽ, തിരുവല്ലാ പ്രോവിൻസ്**

ജീവിതയാത്രയുടെ അവസാനം മരണമാണ് എന്ന ചിന്തയാണ് ജീവിത വഴിയിലേക്ക് ആദ്യചുവടുകൾ വയ്ക്കുമ്പോൾ തന്നെ നമ്മിൽ ഭരണം നടത്തുന്നത്. എന്നാൽ മരണം ജീവിതത്തിനെ അവസാന വാക്കല്ല എന്നു തങ്ങളുടെ ജീവിതം കൊണ്ട് തെളിയിച്ച് അനേകം മഹാത്മാക്കൾ നമുക്ക് ചുറ്റുമുണ്ട്. അവർ സ്വന്തജീവിതം കൊണ്ട് കാല ചക്രത്തെയും അതിലൂടെ നമ്മുടെ അടുത്തേക്കെത്തുന്ന മരണത്തെയും നിഷ്പ്രഭമാക്കും. തങ്ങൾ ഇവിടെ ജീവിച്ചിരുന്നു എന്നതിന് തെളിവായി മങ്ങാത്ത, മായാത്ത ഒരു സ്നേഹത്തിന്റെ കൈയ്യൊപ്പ് പലരുടെയും ജീവിതത്തിൽ അവശേഷിപ്പിക്കുന്നു. മനുഷ്യ നക്ഷത്രമായി പ്രകാശിച്ചു കൊണ്ട് സ്വയം എരിഞ്ഞുകൊണ്ടേയിരിക്കും... ഭൗതിക ശരീരം ഉപേക്ഷിച്ചുകഴിയുമ്പോഴും "ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു. അതിനെ കീഴടക്കാൻ ഇരുളിന് കഴിഞ്ഞില്ല" (യോഹ 1:5). വന്ദ്യ ബേസിൽ അച്ചനെക്കുറിച്ച് ഓർക്കുമ്പോൾ ഈ അക്ഷരങ്ങൾക്ക്, ചിന്തകൾക്ക് വചനത്തിന് തിളക്കുമേറുന്നു. ആ പാവനസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ബഹു.ബേസിൽ അച്ചന്റെ സ്നേഹസാന്നിധ്യം ബഥനിക്ക് എന്നും പ്രാർത്ഥനയുടെ കവചമായിരിക്കും. സഹജീവികളോടുള്ള കരുതലും സ്നേഹവുമൊക്കെ നേരിട്ടറിയാൻ ഇടയായ പല സന്ദർഭങ്ങളുമുണ്ട്. പലപ്പോഴും സ്നേഹവും കരുതലുമായി ഞങ്ങളോ ടൊപ്പം നിലകൊണ്ട് നിമിഷങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്നു. തത്വ ചിന്തക്കപ്പുറം ആ കടന്നുപോക്ക് ഒരു വേദനയായി മാറുന്നു. സ്നേഹ ത്തിന്റെ കരുതൽ എപ്പോഴും അങ്ങനെയാണ്. ബഥനി സഹോദര ങ്ങളുടെ വേദനയിൽ ഞങ്ങളും പങ്കുകാരാകുന്നു, കുടുംബാംഗങ്ങളോ ടൊപ്പം പ്രാർത്ഥിക്കുന്നു. ഒപ്പം ഞങ്ങളുടെ പ്രിയ സഹോദരൻ വർഗീസ് ജോസഫ് മുളവേലിൽ ഒ.ഐ.സി.അച്ചന്റെ വേദനയിൽ ഹൃദയപൂർവ്വം ഉൾച്ചേരുന്നു.

ന്യായവും അന്യായവും വിവേകംകൊണ്ട് തിരിച്ചറിയുന്ന തീക്ഷ്ണതയുള്ള ഒരു സന്യാസി, അകവും പുറവും കാവിവസ്ത്ര ത്തിന്റെ പരിശുദ്ധി കാത്തുസൂക്ഷിച്ച ആത്മീയ ആചാര്യൻ, കഴുത്തി ലണിഞ്ഞ മരക്കുരിശ് ഹൃദയത്തിൽ ആവാഹിച്ച സന്യാസ വര്യൻ... ഭൗതിക ശരീരം ഈ ഭൂമിക്ക് നൽകി കടന്നുപോയ ആ പുണ്യാത്മാവിന് ഈ വിശേഷണങ്ങളൊന്നും അലങ്കാരങ്ങളല്ല. സദാ കർമ്മനിരതനാ കാൻ ആഗ്രഹിച്ച അദ്ദേഹം തന്റെ കർമഫലങ്ങൾ എന്തുതന്നെയാ യാലും അവയെ ത്യാഗംകൊണ്ടും സ്നേഹംകൊണ്ടും അതിജീവിച്ചു. ജീവിത വഴിയിലെ പ്രതിസന്ധികളെക്കുറിച്ചു അദ്ദേഹം തെല്ലും ആകുലനായിരുന്നില്ല. പകരം അവയെ അതിജീവിക്കുവാൻ വേണ്ട കരുത്ത് ദൈവം തരുമെന്ന് ഉറച്ചു വിശ്വസിച്ചു. തന്നെ സമീപിച്ച എല്ലാവരെയും അതേ ബോധ്യത്തിലേക്ക് അദ്ദേഹം കൈപിടിച്ചു നടത്തി. താൻ ചെയ്യുന്നതെന്തും, ദിവ്യബലി അർപ്പിക്കുന്ന അതേ വിശുദ്ധിയോടും തീക്ഷ്ണതയോടുംകൂടി ചെയ്തു.

ഈശ്വരചിന്തയിൽ, ആത്മീയ നിറവിൽ സ്ഫുടം ചെയ്തെടുത്ത ആ ധന്യജീവിതം അനേകർക്ക് മാതൃകയും പ്രചോദനവുമായി ഇന്നും നിലകൊള്ളുന്നു. “എടോ സുഖമാണോ തനിക്ക്?” എന്ന സരസമായ കുശലാന്വേഷണ ങ്ങളുമായി, തന്റെ അടുത്തെത്തുന്ന എല്ലാവരെയും പ്രായഭേദമില്ലാതെ സ്നേഹിക്കുന്നത് കണ്ടിട്ടുണ്ട്. സമൂഹത്തിലെ പുതു തലമുറ ഉൾപ്പെടെ ആ സ്നേഹവും കരുതലും ആസ്വദിക്കുന്നത് ഞങ്ങൾ നോക്കി നിന്നിട്ടുണ്ട്. കുഞ്ഞുശാസനകൾപോലും നന്ദിയോടെ സ്വീകരിക്കു ന്നതും ആ വന്ദ്യ വൈദികന്റെ നന്മയായി ഞാനും മനസിലാക്കിയിട്ടുണ്ട്. ആ സന്യാസവര്യൻ ഞങ്ങൾക്ക് ഒരു ജ്യേഷ്ഠസഹോദരൻ മാത്രമല്ല ഒരു പിതാവും ഗുരുവും ഒക്കെയായി മാറുന്നു.

ഏതു പുഷ്പത്തിനകത്തും തേനുണ്ട്. എന്നാൽ പൂവിനെ നോവിക്കാതെ തേനെടുക്കാൻ പൂമ്പാറ്റക്കേ കഴിയൂ. തന്നെ ഏല്പിച്ച ദൈവജനത്തിൽ നിന്നും നന്മയുടെ തേൻ എടുക്കുന്ന പൂമ്പാറ്റയായി ബേസിൽ അച്ചൻ മാറി. നമ്മിൽ നിന്നും അകലെ നിൽക്കുന്ന ഒരു ശക്തി

യായി ദൈവത്തെ കാണാനും, സ്വന്തം ഹൃദയത്തോടു ചേർത്തു വയ്ക്കാൻ അദ്ദേഹം അവരെ പഠിപ്പിച്ചു. ഹൃദയം നിറയെ സ്നേഹ മുണ്ടായാൽ, നമ്മുടെ പ്രാർത്ഥനകളിലെ ആവലാതികളും അപേക്ഷ കളും സുഖവും ദുഃഖവും ഒരുപോലെ സ്വീകരിക്കപ്പെടുമെന്ന് പ്രാർത്ഥന യെക്കുറിച്ച് അച്ചൻ പങ്കുവച്ചത് ഓർക്കുന്നു.

മരിച്ചാലും ജീവിക്കുന്നവരും മരിച്ചവരെപ്പോലെ ജീവിക്കുന്നവരും ഈ ലോകത്തിൽ ഉണ്ടല്ലോ. പ്രിയ ബേസിൽ അച്ചൻ മരിച്ചിട്ടും അനേകരുടെ ഹൃദയത്തിൽ ഇന്നും ജീവിക്കുന്നു. അച്ചന്റെ ദേഹ വിയോഗത്തിനു ശേഷമുള്ള ഞായറാഴ്ച അച്ചൻ ശുശ്രൂഷ ചെയ്തിരുന്ന 'വെട്ടിയാർ' ഇടവകദേവാലയത്തിൽ നടന്ന അനുസ്മരണ സമ്മേളന ത്തിൽ പങ്കെടുക്കാൻ സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുന്നു. ബാല്യകാലാരിഷ്ടതകൾ നിറഞ്ഞ ആ കാലഘട്ടത്തിൽ ഇടവക ജനത്തിനു മുഴുവൻ പിതാവായിരുന്നുകൊണ്ട് അതിജീവനത്തിന്റെ കരുത്ത് പകർന്നു നൽകിയ ബഹു.അച്ചന്റെ ധന്യമായ ജീവിതത്തെ, വർഷങ്ങൾ ഏറെ കഴിഞ്ഞിട്ടും ആ മക്കൾ ഇന്നും നന്ദിയോടെ ഹൃദയ ത്തോട് ചേർത്തുവയ്ക്കുന്നു.

അനേകഹൃദയങ്ങളിൽ ഒളിമങ്ങാത്ത ശോഭയോടെ തെളിഞ്ഞു നിൽക്കുന്ന ആ ദീപസ്തംഭത്തിന്റെ ഭൗതിക സാന്നിധ്യം ഇനി ലഭിക്കില്ല എന്ന സത്യം മിഴികൾ ഈറനണിയിക്കുന്നുവെങ്കിലും ദൈവപിതാവിൻ പക്കലിരുന്ന് നമുക്കുവേണ്ടി മദ്ധ്യസ്ഥത വഹിക്കുവാൻ നമുക്ക് പേരറിയാവുന്ന ഒരു മാലാഖയുണ്ട് എന്നത് ആശ്വാസം തരുന്നു. അതിജീവനത്തിന്റെ ആൾരൂപമായി, പ്രാർത്ഥനയുടെ കവചമായി, തലമുറകൾക്ക് മാതൃകയായി മാറിയ ആ പാവനാചാര്യന്റെ ദീപ്തമായ ഓർമ്മകൾക്കുമുമ്പിൽ ബഥനി സന്യാസിനികളുടെ ആദരാഞ്ജലികൾ!

# ദൈവകാരുണ്യത്തിന്റെ സംവാഹകൻ

**വെരി റവ. സി. മേരി ശോശാമ്മ ഒ.എസ്.എസ്**
**റീജണൽ ലീഡർ, ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ്, തിരുവല്ല**

മാർ ഇവാനിയോസ് പിതാവിനാൽ സ്ഥാപിതമായ ബഥനി സന്ന്യാസപ്രസ്ഥാനം 100 വയസ്സിന്റെ തികവിൽ നില്ക്കുമ്പോൾ ബഥനിസന്ന്യാസസമൂഹം എപ്പോഴും ചുറ്റുമുള്ളവർക്ക് ആത്മീയ ഉണർവ് നല്കുന്ന പ്രാർത്ഥനാഭവനമാണ്. ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സിനെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ആത്മീയ കാര്യങ്ങളുടെ നടത്തിപ്പുകാർ പലപ്പോഴും ബഥനി സന്ന്യാസവൈദികരാണ്. വൈദികർ എന്നാൽ വിശുദ്ധ ജറോമിന്റെ അഭിപ്രായത്തിൽ ദൈവത്തെ തന്റെ ഓഹരിയായി സ്വീകരിച്ച ആളാണ്. പുരോഹിതൻ ദൈവത്തിനും ദൈവജനത്തിനും മധ്യത്തിൽ നിലകൊള്ളുന്നവനാണ്. പുരോഹിതൻ ദൈവത്തിന്റെ പ്രതിനിധിയും ദൈവജനത്തിന്റെ സേവകനുമാണ്. ദൈവഹിതം മനസ്സിലാക്കി അത് ദൈവജനത്തെ അറിയിക്കാൻ അരുളപ്പാട് ലഭിച്ചവൻ. ജനത്തിനുവേണ്ടി വിശുദ്ധ ജീവിതം നയിച്ച് സ്വയം ഉരുകി തീരേണ്ടവൻ.

തിരുവല്ലയിലെ തിരുമൂലപുരം സ്വദേശിയായിരുന്ന ബേസിൽ അച്ചനെക്കുറിച്ചോർക്കുമ്പോൾ ദൈവത്തിന്റെ സൗന്ദര്യം പങ്കുവയ്ക്കുന്ന നല്ല അയൽക്കാരനായിരുന്നു. 'അവനവനിസ'ങ്ങളുടെ ഇക്കാലഘട്ടത്തിൽ, ബന്ധങ്ങൾ അന്യമായി ബന്ധനങ്ങൾ വർദ്ധിക്കുന്ന ഇക്കാലത്ത്, ബഥനിസന്ന്യാസി സമൂഹത്തിലെ ഓരോ വൈദികനും ഞങ്ങളെ സംബന്ധിച്ചിടത്തോളം ഓരാത്മീയ ചൈതന്യം പകർന്നു നല്കുന്ന പിതാവാണ്. "നല്ലത് നല്ലതെന്നേ ചിലയ്ക്കാറുള്ളു വല്ലായ്മ വന്നു കൺപൊത്തിയാലും" എന്ന കവിമൊഴിയിൽ അച്ചനെക്കുറിച്ചു ഓർക്കുമ്പോൾ നന്മ മാത്രം ചെയ്ത് കടന്നു പോയ പുരോഹിതൻ. 2012 മുതൽ 2019 വരെയുള്ള കാലഘട്ടത്തിലെ വിശ്രമജീവിതത്തിനായി തിരുവല്ലായിൽ എത്തിയ നാൾ മുതൽ ഹോളി സ്പിരിറ്റ് സന്ന്യാസിനി സമൂഹത്തിന് അച്ചനുമായി ഒരു ആത്മീയ ബന്ധമുണ്ട്. ഹൃദയം

തുറന്നുള്ള സംഭാഷണത്തിലൂടെയും നർമ്മത്തിൽ പൊതിഞ്ഞ ലളിതമായ ചിന്തയിലൂടെയും അനേകരെ ദൈവസ്നേഹത്തിലേക്ക് അടുപ്പിച്ച വ്യക്തിത്വം. ദൈവസ്നേഹത്തിന്റെ നിറവോടെ എല്ലാവരേയും ഒരുപോലെ കണ്ടിരുന്ന ആചാര്യൻ. നിഷ്കളങ്കമായ പുഞ്ചിയോടെ വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകളിലും ഏവരേയും ഹൃദ്യമായി സ്വീകരിച്ചിരുന്ന അച്ചൻ.

വൈദികർ എപ്പോഴും കൂദാശകളുടെ ശുശ്രൂഷകരാണ്. അജപാലന ധർമ്മത്തിന്റെയും രക്ഷാകരമാനം കേന്ദ്രീകരിച്ചിരിക്കുന്നത് കുർബാനയെന്ന ബലിയിലൂടെയും കുമ്പസാരമെന്ന കൂദാശയിലൂടെയുമാണ്. കുമ്പസാരം എന്ന മഹത്തായ കൂദാശവഴി ദൈവത്തോടും സഭയോടും അനുരഞ്ജനപ്പെടാൻ ഓരോ വിശ്വാസിയേയും വൈദികൻ ഒരുക്കുന്നു. ബേസിൽ അച്ചനെ സംബന്ധിച്ചിടത്തോളവും അച്ചൻ ഞങ്ങളുടെ സമൂഹത്തിലെ സന്ന്യാസിനികളെ പ്രായശ്ചിത്ത കൂദാശയിലൂടെ ദൈവസ്നേഹത്തിലേക്ക് അടുപ്പിച്ച ദൈവകാരുണ്യത്തിന്റെ സജീവ അടയാള സംവാഹകനായിരുന്നു. എത്ര തിരക്കിനിടയിലും ശാരീരിക അസ്വാസ്ഥ്യംപോലും മാറ്റി വച്ചുകൊണ്ട് എതു സമയത്തു അച്ചനെ കാണാൻ ചെന്നാലും ഹൃദ്യമായി ഏവരെയും സ്വീകരിച്ചിരുന്നു. എപ്പോൾ കുമ്പസാരിക്കണമെന്നു പറഞ്ഞാലും തടസ്സമൊന്നും പറയാതെ അച്ചൻ ഞങ്ങളെ കുമ്പസാരിപ്പിച്ചിരുന്നു. കുമ്പസാരം കഴിഞ്ഞു തിരിച്ചുപോകുമ്പോൾ ഒരു സ്നേഹപിതാവിന്റെ ആത്മീയ ശുശ്രൂഷ ലഭിച്ച ഒരു ചാരുതാർത്ഥ്യം അനുഭവിച്ചിരുന്നു.

ആശ്രമത്തിൽ കടന്നു ചെല്ലുന്ന അവസരങ്ങളിലൊക്കെയും ഓരോ വ്യക്തിയുടെയും വിശേഷങ്ങൾ ആരായുകയും ആത്മീയമായ ഉപദേശം നല്കുകയും ചെയ്തിരുന്നു. വളരെ ലളിതമായ ജീവിത ശൈലിയുടെ ഉടമയായിരുന്ന അച്ചൻ മലങ്കരകത്തോലിക്കാസഭയിലെ വലിയൊരു മിഷനറിയായിരുന്നു. തന്റെ ബോധ്യങ്ങളും നിലപാടുകളും യാതൊരു ഭയവും കൂടാതെ ആരുടെ മുമ്പിലും പറയുന്നതിനുള്ള ധൈര്യം അച്ചൻ കാട്ടിയിരുന്നു. അച്ചന്റെ വാർദ്ധക്യകാലം മുഴുവൻ സ്നേഹത്തിലും ശക്തിയിലും തന്റെ ആടുകളെ നയിച്ച് ഒരു നല്ല ഇടയന്റേതായ അജപാലനശുശ്രൂഷ നടത്തിയിട്ട് ശാന്തത കൈവെടി

യാതെ ദൈവനിയോഗം പൂർത്തിയാക്കി കടന്നുപോയ ആത്മീയ പിതാവ്. ദൈവം ഓരോരുത്തരേയും ഭൂമിയിലേക്ക് അയച്ചിരിക്കുന്നത് അവിടത്തെ പദ്ധതികൾ നിറവേറ്റാനാണ്. സ്വർഗത്തിൽ നിന്ന് ഭൂമിയിലേക്ക് അടർന്നുപെയ്യുന്ന മനോഹരമായ പുഷ്പമാണ് ഓരോ മനുഷ്യനും. അങ്ങനെ ദൈവത്തിന്റെ മനോഹരമായ ഉദ്യാനത്തിൽ നിന്ന് ഭൂമിയിലേക്ക് പതിച്ച് ദൈവത്തിനുവേണ്ടി മനോഹരപുഷ്പമായിത്തീർന്ന് ദൈവം എല്പിച്ച കാര്യങ്ങൾ എല്ലാം കൃത്യമായി ചെയ്ത് ദൈവ സന്നിധിയിലേക്ക് തിരിച്ചുപോയ വൈദികനാണ് ബഹുമാനപ്പെട്ട അച്ചൻ. നാം ദൈവത്തിന്റെ മക്കളായി തീരുവാൻ നമ്മെ പഠിപ്പിച്ച നമ്മുടെ പിതാക്കന്മാരെ കുർബാനകളിലും പ്രാർത്ഥനകളിലും ഓർക്കണം. ആത്മീയമായി ദൈവത്തിലേക്കു ഒരുപടികൂടി അടുക്കുവാൻ ഞങ്ങളെ സഹായിച്ച ബഹുമാനപ്പെട്ട ബേസിലച്ചൻ ഇപ്പോഴും പ്രാർത്ഥനയിൽ ഞങ്ങൾക്കൊപ്പമുണ്ട്.

○

ശ്രേഷ്ഠസഹജാ പോവുക ശാന്ത്യാ
ജീവൽ സ്ഥാനമതിൽ നിന്നെ ഏറ്റും നാഥൻ

മുഖതെളിവൊടു പുനരുത്ഥാനത്തിൽ
എതിരേൽപിനു പോകും തൽസ്തുതി നീ പാടീടും

പോവുക ശാന്ത്യാ മഹിതാ (ശ്രേഷ്ഠാ)ചാര്യാ
നാഥൻ സ്തുതിപാടാൻ നിന്നെ ചേർത്തിനാലെ

നീ സേവിച്ചൊരു സ്രഷ്ടാവായോൻ
സ്വർഗ്ഗരാജ്യത്തിൽ മോദിപ്പിച്ചീടും തേ!

(*കൊഹനൈത്താ* : വൈദികരുടെ ശവസംസ്കാര ശുശ്രൂഷ)

# ബേസിലച്ചൻ ഓർമ്മകളിൽ.....

## (ഒരു സതീർത്ഥ്യന്റെ കുറിപ്പ്)

**റവ. ഫാ. ജോൺ ബോസ്കോ കുറ്റിയിൽ ഒ. ഐ.സി.**

**സുപ്പീരിയർ, ബഥനി ധ്യാനാശ്രമം, അടിമാലി**

അച്ചനെ കണ്ടാൽ പലർക്കും തോന്നില്ല. എന്നാൽ അതായിരുന്നു അദ്ദേഹം. അങ്ങനെ പലതുമായിരുന്നു അച്ചൻ. 'കാണപ്പെടുന്നത് മിഥ്യ, കാണപ്പെടാത്തത് സത്യം'. കക്ഷിയൊരു ഫുട്ബോൾ കളിക്കാരനായിരുന്നുവെന്നതാണ് വസ്തുത. അതിൽ ജാഡ പറയില്ലെന്നു മാത്രം. ആത്മീയതയിലും ജീവിതത്തിലും അതെ. ഒരു വെടിക്കുള്ള മരുന്ന് സദാ റെഡി. നർമ്മം വിതറുന്നതും അങ്ങനെ തന്നെ. കണക്കു കൂട്ടാനും മുമ്പൻ തന്നെ. കാശ് സൂക്ഷ്മതയോടേ ചെലവഴിക്കൂ. കാര്യങ്ങൾ മുറപ്രകാരം ചെയ്ത് ഒരിടത്ത് കുത്തിയിരുന്നോളും. വേണ്ടിവന്നാൽ അല്പം കനപ്പിച്ചു പറയുകയും ചെയ്യും.

കാര്യങ്ങൾ വസ്തുനിഷ്ഠമായി അദ്ദേഹം നിരീക്ഷിച്ചിരിക്കും. ചാടിക്കേറിയൊന്നും പറയുകയില്ല. അന്യരുടെ നന്മ പിശുക്കുകൂടാതെ അവതരിപ്പിക്കും. ബലഹീനത വളരെ അടക്കത്തിലും. ബാഹ്യമായി അദ്ദേഹം ആയിരുന്നതിലും അധികം ആകാനുള്ള സാദ്ധ്യതകൾ ഏറെയുണ്ടായിരുന്നു. അതിനൊന്നും ആൾ കൂടുതൽ മെനക്കെട്ടില്ലെന്നേയുള്ളു.

ആയുസിന്റെ അവസാനഘട്ടത്തിൽ ദേഹത്തിന്റെ ഊർജ്ജക്കുറവിൽ തെല്ലു ക്ലേശിച്ചു. എന്നാൽ ദേഹിയിലും ആത്മാവിലും പ്രസരിപ്പുണ്ടെന്ന് തെളിയിച്ചു. അന്ത്യ നിമിഷങ്ങളിൽ സഹവാസികളോട് 'ഗുഡ്ബൈ' പറയാൻ അദ്ദേഹം മറന്നില്ല.

'നാടകാന്തം കവിത്വം' ആൾ അർത്ഥവത്താക്കി.

○

"സുകൃതങ്ങൾ സുകൃതികളിൽനിന്നു മാത്രമേ സംജാതമാകയുള്ളൂ. പുണ്യ പ്രവൃത്തികളേക്കാൾ പ്രാധാന്യം കൊടുക്കേണ്ടത് പുണ്യ ജീവിതത്തിനത്രേ"

മാർ ഈവാനിയോസ്

# എന്റെ പ്രിയപ്പെട്ട ബേസിലച്ചൻ

**റവ. ഫാ. വർഗ്ഗീസ് ജോസഫ് മുളവേലിൽ ഒ.ഐ.സി.**

**ബഥനി നവജീവൻ പ്രൊവിൻഷ്യൽ ആശ്രമം, ദേശം, ആലുവ**

"കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്ക് കരുണ ലഭിക്കും; ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ. അവർ ദൈവത്തെ കാണും. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ. അവർ ദൈവപുത്രന്മാരെന്നു വിളിക്കപ്പെടും" (മത്തായി 5 :7–9).

ദൈവത്തിൽ നിന്ന് ലഭിച്ച കരുണയാണ് എനിക്ക് ബേസിൽ അച്ചൻ. കാരണം എന്റെ ദൈവവിളിയിൽ പ്രധാന പങ്ക് വഹിച്ചത് അച്ചനാണ്. ഞാൻ അച്ചന്റെ മൂത്ത പെങ്ങളുടെ മകളുടെ മകനാണ്. അതുകൊണ്ടുതന്നെ അച്ചന്റെ സ്നേഹം കൂടുതൽ അനുഭവിച്ചറിയാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ബഥനി ആശ്രമത്തിൽ ചേർന്നതിനുശേഷം എന്റെ വൈദീകപഠനത്തിന്റെ ഓരോ വർഷവും എന്നെപ്പറ്റിയുള്ള അഭിപ്രായം ബേസിൽ അച്ചൻ എല്ലാ ഗുരുക്കന്മാരോടും ചോദിച്ചറിയുമായിരുന്നു. കാണുമ്പോഴെല്ലാം സന്ന്യാസജീവിതത്തിന് ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകുമായിരുന്നു. ബഥനിസന്ന്യാസ സമൂഹത്തെപ്പറ്റി സംസാരിക്കുമ്പോൾ അച്ചന്റെ തീക്ഷണത കണ്ണുകളിൽ കാണാൻ സാധിച്ചിരുന്നു. സമൂഹാംഗങ്ങളുമായിട്ടുള്ള അച്ചന്റെ ബന്ധം വളരെ ആഴമുള്ളതായിരുന്നു. സാധാരണയായി വയസ്സ് കൂടും തോറും പിടിവാശി കൂടും എന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ, എന്റെ അനുഭവ ത്തിൽ അച്ചന് എല്ലാ കാര്യങ്ങളെയും ഉൾക്കൊള്ളാൻ ഉള്ള കഴിവ് കൂടിവരുന്നതായി മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. തന്നെക്കാൾ വലിയവർ ആണെങ്കിലും ചെറിയവർ ആണെങ്കിലും അച്ചൻ അവരോട് കാണിക്കുന്ന സ്നേഹവും ബഹുമാനവും എന്നെ വളരെ അധികം സ്വാധീനിച്ചിട്ടുണ്ട്. അച്ചന്റെ മൂത്ത സഹോദരിയായ എന്റെ വല്യമ്മച്ചിയോട് അച്ചൻ കാണിച്ച സ്നേഹവും ബഹുമാനവും എടുത്തു പറയേണ്ടതാണ്. അധ്വാനിച്ചു ജീവിക്കുന്നവരോട് അച്ചന് പ്രത്യേക താൽപര്യം ആയിരുന്നു. അച്ചൻ സമൂഹത്തിലെ അച്ചന്മാരോടും ബ്രദേഴ്സിനോടും കാണിക്കുന്ന സ്നേഹവും ബഹുമാനവും എന്നെ ഏറെ സ്പർശിച്ചിട്ടുണ്ട്. സമൂഹജീവിതത്തിന് അച്ചൻ ഏറെ പ്രാധാന്യം നല്കിയിരുന്നു. കമ്മ്യൂണിറ്റി ജീവിതത്തിൽ സന്തോഷം നല്കുന്ന ഏതു കാര്യത്തോടും അച്ചൻ വളരെയധികം സഹകരിക്കുമായിരുന്നു. സ്പോർട്സിനോട്

പ്രത്യേക താല്പര്യം കാണിച്ചിരുന്നു. ആശ്രമത്തിലെ ജോലിക്കാരായ സഹോദരങ്ങളോടുള്ള അച്ചന്റെ സ്നേഹം എടുത്തു പറയേണ്ടതാണ്.

എന്റെ പ്രഥമ ദിവ്യബലി അർപ്പണസമയത്ത് ആശംസ അർപ്പിച്ചു കൊണ്ട് സംസാരിച്ചപ്പോൾ അച്ചൻ പറഞ്ഞു: "ഞാൻ വർഗ്ഗീസ് അച്ചനോട് അധിക സ്നേഹം പ്രകടിപ്പിക്കത്തില്ലായിരുന്നു. അതിന്റെ അർത്ഥം അച്ചനോട് എനിക്ക് സ്നേഹം ഇല്ല എന്നല്ല; കൂടുതൽ സ്നേഹം കാണിച്ചാൽ അച്ചൻ വഷളായി പോകുമോ എന്ന് പേടിച്ചായിരുന്നു." ഇതു പറയുമ്പോൾ അച്ചന്റെ കണ്ണു നിറഞ്ഞത് ഞാൻ ഇപ്പോഴും ഓർക്കുന്നു. എന്റെ പൗരോഹിത്യ സ്വീകരണത്തിനു മുമ്പു വരെ എന്നെ അച്ചൻ 'എടോ' 'എടാ'എന്നൊക്കെ വിളിക്കുമായിരുന്നു. എന്നാൽ പൗരോഹിത്യസ്വീകരണത്തിനുശേഷം മരിക്കുന്ന സമയം വരെ 'അച്ചൻ' എന്നു മാത്രമേ വിളിച്ചിട്ടുള്ളൂ. എന്നെ ഒട്ടേറെ അത്ഭുതപ്പെടുത്തിയ കാര്യമാണിത്.

തീരേ വയ്യാതെയാകുന്നതിന് തൊട്ടുമുമ്പ് വളരെ സന്തോഷ ത്തോടെ അച്ചൻ കാര്യങ്ങൾ പങ്കുവച്ചത് ഇപ്പോഴും റിക്കാർഡ് ചെയ്ത് എന്റെ മൊബൈലിൽ സൂക്ഷിച്ചിട്ടുണ്ട്. സ്വതസിദ്ധമായ തമാശയിലൂടെ മനുഷ്യരെ ആകർഷിക്കാനുള്ള അച്ചന്റെ കഴിവ് അപാരമായിരുന്നു. മരി ക്കുന്നതിന് തലേദിവസം അച്ചനോടൊപ്പം ഒത്തിരി സമയം പങ്കിടാൻ അവസരം ലഭിച്ചു. ആ സമയം അച്ചൻ എന്നോട് ചോദിച്ചു. "അച്ചന്റെ ജർമ്മൻ ഭാഷാ പഠനം എങ്ങനെയുണ്ട്?" ഞാൻ വളരെ വിഷമിച്ചു കൊണ്ട് പറഞ്ഞു: "അച്ചാ, ബുദ്ധിമുട്ടാണ്." അപ്പോൾ അച്ചൻ എന്റെ ചെവിയോട് അടുത്തു പറഞ്ഞു: "പിന്നെ കപ്പ തിന്നുന്നതുപോലെ ആണോ എന്ന് വിചാരിച്ചോ?" എന്നിട്ട് നിറഞ്ഞ ഒരു ചിരിയും പാസാക്കി. എന്റെ വിഷമം അതോടെ മാറി.

ഓരോ ഇടവകയിലും വിശുദ്ധബലി അർപ്പിച്ചതിനു ശേഷം എന്നെ പരിചയപ്പെടുത്തുമ്പോൾ, ഞാൻ ബേസിൽ അച്ചന്റെ ബന്ധു വാണ് എന്നു പറയുമ്പോൾ, ആ ഇടവകജനങ്ങളിലെ സന്തോഷം എനിക്ക് കാണാൻ സാധിച്ചിട്ടുണ്ട്. വലിയ കാര്യങ്ങൾ ചെയ്തു ജന ഹൃദയങ്ങളിൽ ഇടം നേടുകയല്ല അച്ചൻ ചെയ്തത്, സ്വതസിദ്ധമായ രീതിയിലും വളരെ സുതാര്യതയോടെയും എല്ലാവരോടും ഇടപെടാനും സ്നേഹം പ്രകടിപ്പിക്കാനുമാണ്. അതുകൊണ്ടാണ് ജനഹൃദയങ്ങളിൽ അച്ചൻ ഇപ്പോഴും നിലനിൽക്കുന്നത്. ബഥനിയുടെ ഹൃദയത്തിൽ ബേസിൽ അച്ചൻ എന്നും ജീവിക്കും.

# നല്ല ഒരു മിഷനറി

**റവ. ഫാ. ചാൾസ് ഞാറക്കുളത്ത് ഒ.ഐ.സി.**
**സുപ്പീരിയർ, ബഥനി ആശ്രമം, ബത്തേരി**

1964–ൽ ഞങ്ങൾ നാലാഞ്ചിറ ആശ്രമത്തിൽ അർഥികളായിരിക്കുന്ന അവസരത്തിലാണ് ബോംബെയിൽ ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ അവസരത്തിൽ ബോംബെയിൽ വച്ച് ബ.ബേസിലച്ചൻ, ലാസർ അച്ചൻ, ജയിംസ് അച്ചൻ.... (നോർബർട്ട് അച്ചൻ) എന്നിവരോടൊപ്പം വൈദികപട്ടം സ്വീകരിച്ചു എന്ന മഹാ സംഭവമാണ് എന്റെ ഓർമ്മയിൽ ഇന്നും സജീവമായി നിൽക്കുന്നത്.

പിന്നീട് ബേസിൽ അച്ചനെ ഞാൻ പരിചയപ്പെടുന്നത് അച്ചൻ വെങ്ങോല ആശ്രമാംഗമായിരുന്ന കാലത്ത് പോത്താനിക്കാട് ചാത്താമറ്റം പള്ളികളിൽ ശുശ്രൂഷയ്ക്കായി വന്ന കാലത്തായിരുന്നു. പോത്താനിക്കാടു നിന്ന് ചാത്തമറ്റത്തിനു പോകുന്ന റോഡിന്റെ അരികിലാണ് എന്റെ വീട്. അച്ചനെ വീട്ടിലേക്കു ക്ഷണിച്ച് ഉച്ചഭക്ഷണം ഒക്കെ നൽകിയിരുന്നു. ബ.ബേസിൽ അച്ചൻ ആ സ്മരണകൾ അവസാനം വരെ നിലനിർത്തിയിരുന്നു. എന്നെ കാണുമ്പോഴൊക്കെ, എന്റെ മാതാപിതാക്കളുടേയും സഹോദരി സഹോദരന്മാരുടേയും ക്ഷേമം അന്വേഷിച്ചിരുന്നു.

ബ.ബേസിൽ അച്ചൻ, തിരുവല്ലാ, തിരുവനന്തപുരം, ബത്തേരി, പത്തനംതിട്ട, മാവേലിക്കര, പുത്തൂർ രൂപതകളിൽ വിവിധ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. അച്ചന്റെ പിൻഗാമിയായി പുത്തൂർ രൂപതയിൽ വിമലഗിരി പള്ളിയുടേയും തിരുവല്ലാ രൂപതയിൽ കല്ലാർ പള്ളിയുടേയും വികാരിയായി സേവനം ചെയ്യുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായി. അച്ചൻ ശുശ്രൂഷ ചെയ്ത ഇടവക ജനങ്ങൾക്ക് അച്ചനെക്കുറിച്ച് നല്ല ഓർമ്മകൾ സൂക്ഷിക്കുവാനുണ്ട്.

### ധീരനായ ബേസിൽ അച്ചൻ

ഏതു പ്രതിസന്ധിഘട്ടങ്ങളേയും സമചിത്തതയോടെ നേരിടുവാനുള്ള തന്റേടം അച്ചനുണ്ടായിരുന്നു. ആരുടേയും മുമ്പിൽ മുട്ടു മടക്കിയിട്ടില്ല. ആരുടേയും മുമ്പിൽ ഭയയോ, സങ്കോചമോ കൂടാതെ പറയുവാനുള്ള കാര്യം തുറന്നു പറഞ്ഞിരുന്നു.

വിവധ ആശ്രമങ്ങളിൽ സുപ്പീര്യറായും പ്രൊക്കുറേറ്ററായും സേവനം അനുഷ്ഠിച്ച സന്ദർഭങ്ങളിലെല്ലാം സഹസന്യാസികളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ ശുശ്രൂഷ ചെയ്യുവാൻ അച്ചന് സാധിച്ചിരുന്നു. അച്ചന്റെ വെട്ടിതുറന്നുള്ള സംസാരശൈലി ചിലരെയെങ്കിലും വേദനിപ്പിക്കുന്നുണ്ടാകാം. അങ്ങനെ ആരെയെങ്കിലും വേദനിപ്പിക്കേണ്ട സാഹചര്യം ഉണ്ടായൽ അവരോടു ക്ഷമിക്കണം എന്നു പറയുവാനും അച്ചന് മടിയില്ലായിരുന്നു.

**വാർദ്ധക്യകാലം**

തിരുവല്ലാ ആശ്രമത്തിൽ വിശ്രമജീവിതം നയിക്കുന്ന അവസരത്തിലും രോഗാവസ്ഥയിലും തീർത്തും വ്യത്യസ്തനായ ഒരു വ്യക്തിത്വത്തെയാണ് അച്ചനിൽ കാണുവാൻ സാധിച്ചത്. എല്ലാവരോടും സ്നേഹമായും, കരുതലോടെയും പെരുമാറി. ഒന്നിനെക്കുറിച്ചും ഒരു പരാതിയുമില്ലായിരുന്നു. ജീവിതത്തിന്റെ അന്ത്യത്തോടടുക്കുകയാണെന്ന ബോധ്യം അച്ചനുണ്ടായിരുന്നു. മരണത്തിനുവേണ്ടി നന്നായി ഒരുങ്ങി രോഗിലേപന ശുശ്രൂഷ സ്വീകരിച്ച് ഒരുക്കത്തോടെ യാത്രയായി.

രോഗാവസ്ഥയിൽപോലും ആശ്രമത്തിൽ വി.കുമ്പസാരത്തിനായി വരുന്നവരെ ഒരു മടിയുംകൂടാതെ കുമ്പസാരിപ്പിക്കുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു. തന്നെ ഏതെങ്കിലും വിധത്തിൽ വേദനിപ്പിച്ചവരോട് ക്ഷമിക്കുവാനും അച്ചന് സാധിച്ചു.

ബേസിൽ അച്ചന്റെ ജീവിതം നമുക്ക് മാതൃകയാകട്ടെ. അച്ചനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ നമുക്ക് കാത്തുസൂക്ഷിക്കാം.

"ക്ലേശങ്ങളിൽ നമുക്ക് നിരാശയില്ല, ദുഃഖങ്ങളിൽ സങ്കടമില്ല.
ദൈവത്തിൽ സുസ്ഥിരമായ വിശ്വാസവും ധൈര്യവും
ഉണ്ടായിരിക്കണം."

മാർ ഈവാനിയോസ്

# കർമ്മധീരനായ മിഷനറി

**റവ. ഫാ. ജെയിംസ് മമ്മൂട്ടിൽ ഒ.ഐ.സി.**
**ബഥനി ആശ്രമം, ആലുവ, ആശോകപുരം**

**മിഷനറി**

കേരളത്തിലും കർണാടകയിലും തമിഴ്നാട്ടിലും ഉള്ള ആശ്രമങ്ങളിലും ഇടവകകളിലും ശുശ്രൂഷ ചെയ്യുകയും ഉത്സാഹത്തോടും ഊർജ്ജസ്വലതയോടും തന്റെ കർമ്മപർവ്വം പൂർത്തിയാക്കുകയും ചെയ്ത ഒരു മിഷനറിയാണ് ബഹു.ബേസിലച്ചൻ. മിക്ക രൂപതകളിലും അദ്ദേഹം ശുശ്രൂഷ ചെയ്തിട്ടുണ്ട്.

**കപടതയില്ലാത്ത ബഥാന്യൻ (യോഹ 1.47)**

ഏവരോടും ഉള്ളുതുറന്ന് സംസാരിക്കുകയും ഇടപെടുകയും ചെയ്യുന്ന ബഹു.ബേസിലച്ചൻ ഏതു ഗ്രൂപ്പിലും കൂട്ടത്തിലും ഉത്സാഹം വിതയ്ക്കുന്ന വ്യക്തിത്വത്തിന് ഉടമയായിരുന്നു. ആരുടെ മുമ്പിലും തല കുനിക്കാത്ത അഭിമാനബോധവും സംഭാഷണചാതുരിയും അച്ചന്റെ കൈമുതലായിരുന്നു.

**താൻപോരിമ, നിർഭയത്വം**

ധീരതയും തന്റേടവും പ്രകടിപ്പിക്കുന്ന ഏതൊരാളോടും ബഹു.അച്ചന് ഒരാരാധനാഭാവമായിരുന്നു. പുണ്യശ്ലോകനായ മാർ ഈവാനിയോസ് പിതാവിനോടും സഭയിലെയും സമൂഹത്തിലെയും വിവിധ വ്യക്തിത്വങ്ങളോടും ബഹു.അച്ചൻ ഈ ആദരവ് കാത്തു സൂക്ഷിച്ചിരുന്നു. മോറോൻ മോർ സിറിൽ മാർ ബസേലിയോസ് ബാവാ യോടു പ്രത്യേക സ്നേഹാദരങ്ങൾ അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു.

**സാധാരണത്വം, നാട്യമില്ലാതെ**

സാധാരണക്കാരായ ആളുകളോട് അവരുടെ ഭാഷയിൽ അടുത്ത് സംസാരിക്കുവാൻ ബഹു.അച്ചൻ പ്രത്യേക കഴിവുണ്ടായിരുന്നു. സമൂഹത്തിന്റെയും സഭയുടെയും അതാതു സമയത്തെ ചുമതലക്കാരോട് ബഹുമാനവും ആദരവും പ്രകടിപ്പിക്കുകയും അവരെ അനുസരിക്കുന്നതിൽ അനിതരസാധാരണമായ നിഷ്ഠ അദ്ദേഹം പുലർത്തുകയും ചെയ്തിരുന്നു. “തന്റെ അസുഖം ഇതുവരെ മാറിയില്ലേ” എന്ന് ചില അസൂയക്കാരോട് ചോദിക്കാനും അദ്ദേഹം മടിച്ചിരുന്നില്ല.

**അധികാരഹരം ഒരാസക്തിയാവരുത്: ഫാ.ബേസിൽ**

അധികാരത്തിന്റെ ഹരം ഒന്ന് സവിശേഷമാണെന്ന് അല്പം കുസൃതി കലർന്ന വിമർശനബുദ്ധിയോടെ അദ്ദേഹം വിലയിരുത്തുന്നത് കേൾക്കാനിടയായിട്ടുണ്ട്. ചെറിയ അധികാരങ്ങൾപോലും ചിലരിൽ സൃഷ്ടിക്കുന്ന ഹരം അനിർവചനീയമാണെന്ന് അദ്ദേഹം പറഞ്ഞത് ഓർക്കുന്നു. മിക്ക കാര്യങ്ങളെപ്പറ്റിയും സ്വന്തമായ അഭിപ്രായങ്ങളുള്ള ആളായിരുന്നു ബഹു.ബേസിലച്ചൻ.

**ജാടകളില്ലാത്ത സൗഹൃദം**

തമാശകളും വിനോദങ്ങളും അതിന്റെ സ്ഥാനത്ത് കാണുവാനും ആസ്വദിക്കാനും ബഹു.ബേസിലച്ചന് കഴിഞ്ഞിരുന്നു. ജീവിതത്തിന്റെ വിരസതകളെ ജയിക്കാൻ ബഹു.അച്ചനെപ്പോലുള്ളവരുടെ സാന്നിദ്ധ്യവും ഇടപെടലുകളും സഹായിക്കുമെന്നതിന് സംശയമില്ല.

**മുഖസ്തുതി ആപൽക്കരം, വീഴരുത്**

ജീവിതത്തിലെ രസകരങ്ങളായ അനുഭവങ്ങളെ രസകരമായി പങ്കുവയ്ക്കുന്ന, സരസമായി സംസാരിക്കുന്ന ബഹു.ബേസിലച്ചൻ മുഖസ്തുതിയെ സംബന്ധിച്ച പ്രസ്താവം സഭാരംഗത്തും പൊതു മനുഷ്യ സമൂഹത്തിലും സന്യാസ സമൂഹങ്ങളിലും ആപൽക്കരമാം വിധം രൂപപ്പെട്ടിരിക്കുന്നു എന്ന അഭിപ്രായക്കാരനായിരുന്നു.

"ധനവാൻ അപഹരണം നടത്തുന്നു. ദരിദ്രൻ വ്യാജം പറയുന്നു. അധികാരി കവർച്ച ചെയ്യുന്നു. ദുഷ്ടൻ അന്യായം സംസാരിക്കുന്നു.

മിതഭാഷി നിന്ദിക്കപ്പെടുന്നു. താഴ്മയുള്ളവൻ ദുഷ്ടനാൽ ചവിട്ടപ്പെടുന്നു. നീതിമാന്റെ അനുസരണം ദുഷിക്കപ്പെടുന്നു. ലോകം ക്ഷുഭിതമായിരിക്കുന്നു. സകലവും മുഖസ്തുതിയാൽ നിലനിൽക്കുകയും ചെയ്യുന്നു" (നോമ്പിലെ പ്രാർത്ഥന, വ്യാഴം, സന്ധ്യ).

**കൂടുതൽ സൗമ്യൻ, സാത്വികൻ**

നേതൃത്വ ത്യാഗവഴിയിൽ എൺപത്തൊന്ന് വർഷം പൂർത്തിയാക്കിയ ബഹു.അച്ചൻ അനിതര സാധാരണമായ ധീരതയോടും ക്ഷമക്കാരെ വെല്ലുന്ന ക്ഷമയോടും ആത്മീയരെ വെല്ലുന്ന ആത്മീയതയോടും തന്റെ രോഗങ്ങളെയും ശാരീരികാസ്വസ്ഥതകളെയും മരണത്തെത്തന്നെയും അഭിമുഖീകരിച്ചത് മഹത്തരമായ ഒരു സാക്ഷ്യമായി നിലനിൽക്കുന്നു. വന്ദ്യ ജ്യേഷ്ഠസന്യാസ മാതൃകയ്ക്ക് ധന്യവാദമരുളുന്നു!

# മണലാരണ്യത്തിലെ സരള വൃക്ഷം

**റവ. ഫാ. കുര്യൻ തോണ്ടുകുഴിയിൽ ഒ.ഐ.സി.**
സുപ്പീരിയർ, ബഥനി ആശ്രമം, നിലമ്പൂർ

"മരുഭൂമിയിൽ ദേവദാരു, കരുവേലകം, കൊളുന്ത്, ഒലിവ് എന്നിവ ഞാൻ നടും. മണലാരണ്യത്തിൽ സരളവൃക്ഷവും, പൈൻമരവും പുന്നയും വച്ചു പിടിപ്പിക്കും" (ഏശ 41:19).

ബഹു.ബേസിലച്ചന്റെ ഓർമ്മയ്ക്ക് മുമ്പിൽ പ്രണാമമർപ്പിക്കുമ്പോൾ ദൈവത്തിന്റെ ഈ വചനം എന്റെ മനോമുകുളങ്ങളിൽ ഉയരുന്നു. വൃക്ഷങ്ങൾ തണൽ നൽകുന്നു, ഫലം നൽകുന്നു. ഈ ലോകമാകുന്ന മരുഭൂയാത്രയിൽ നീണ്ട 84 വർഷക്കാലം മണലാരണ്യത്തിൽ വളർന്ന ഒരു സരളവൃക്ഷംപോലെ അനേകർക്ക് നല്ല ഫലം നൽകിയ ബഹുമാനപ്പെട്ട അച്ചൻ - താൻ പറിച്ചു നട്ടപ്പെട്ട, കൂട്ടിച്ചേർക്കപ്പെട്ട ബഥനി ആശ്രമത്തിലെ സിദ്ധികൾ വേരിൽ നിന്നും സ്വീകരിച്ച്, ബഥനി ആകുന്ന തായ്തണ്ടിനോട് അന്ത്യംവരെ ചേർന്നു നിന്നു. മരുഭൂമിയിലെ കാറ്റ്, ചൂട്, പൊടി, നിർജ്ജലീകരണം ഇവയൊന്നും തന്റെ പൗരോഹിത്യമാകുന്ന സരളവൃക്ഷത്തിന്റെ വളർച്ചയ്ക്ക് തടസ്സമാകാതെ, ഒരു കപ്പ് തണുത്ത കാപ്പിക്കുവേണ്ടി, ഒരു കപ്പ് തണുത്ത സൂപ്പിനുവേണ്ടി, തന്റെ പൗരോഹിത്യത്തെ തള്ളിപ്പറയാത്ത ജീവിതമാണ് ബഹു.ബേസിലച്ചന്റേത്. ബഹു. അച്ചന്റെ ആശയങ്ങൾ, സഭാസ്നേഹം, ധൈര്യം, വിശ്വാസം, നർമ്മം ഇവ മൂന്നു വർഷക്കാലം കല്ലാർ ബഥനി ആശ്രമത്തിൽ വച്ച് അനുഭവിച്ചത് ഞാൻ ഇവിടെ കുറിക്കുന്നു.

**കുലമഹിമ**: "അവൻ പുതുതായി വിശ്വാസം സ്വീകരിച്ചവനായിരിക്കരുത്. ആയിരുന്നാൽ അവൻ അഹങ്കാരംകൊണ്ടു മതിമറന്ന് പിശാചിനെപ്പോലെ ശിക്ഷാവിധിക്ക് അർഹനായിത്തീർന്നെന്നു വരും" (1തിമോ 3:6).

പൗരോഹിത്യത്തെക്കുറിച്ചുള്ള അച്ചന്റെ കാഴ്ചപ്പാടിൽ, അർത്ഥിയെ തിരഞ്ഞെടുക്കുമ്പോൾ നല്ല കുടുംബപശ്ചാത്തലത്തെപ്പറ്റി ശ്രദ്ധിക്കണം. താൻ പിറന്ന നല്ലൂത്താനത്ത് കുടുംബത്തിലെ പിതാവ് ശ്രീമാൻ വർഗ്ഗീസ് തിരമൂലപുരം ബഥനി മഠം സ്കൂളിലെ അദ്ധ്യാപക

നായിരുന്നു. തന്റെ പിതാവിനെപ്പറ്റി പറയുമ്പോൾ മക്കൾക്ക് നല്കിയ ജീവിതമാതൃക, വിശ്വാസം, പ്രാർത്ഥന, മറ്റുള്ളവരെ സഹായിക്കുന്ന മനോഭാവം ഇവയെക്കുറിച്ച് അച്ചൻ നന്ദിയോടെ പലപ്പോഴും പറയുമായിരുന്നു. തന്റെ അമ്മവീടായ വാഴത്തറ മലയിലെ ഏഴ് അപ്പച്ചന്മാർ (ഞാൻ ഇതിൽ ഏഴാമത്തെ അപ്പച്ചൻ ശ്രീമാൻ ഈപ്പന്റെ മകളുടെ മകനാണ്) ഇവരെക്കുറിച്ചും പറയുമ്പോൾ അച്ചൻ വാചാലനാകുമായിരുന്നു. അച്ചന്റെ പെങ്ങളുടെ കൊച്ചുമകൻ പ്രിയ ബഹു.വർഗീസ് മുളവേലിയെക്കുറിച്ചും അച്ചൻ പറയുമ്പോൾ, മുളവേലിൽ കുടുംബത്തിന്റെ ധൈര്യം, സഭാസ്നേഹം, വിശ്വാസം, അർപ്പണ മനോഭാവം വളരെ ആവേശത്തോടെ സ്മരിക്കുമായിരുന്നു.

**ബഥനിയെ നെഞ്ചോട് ചേർത്ത് - പൗരോഹിത്യത്തേയും**

“ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവത്തിന്റെ കൃപയും, ബഥനിയുടെ കൃപയാലുമാണ്” എന്ന് സാക്ഷ്യപ്പെടുത്തുന്നതിൽ അച്ചൻ അഭിമാനം കൊണ്ടിരുന്നു. തിരുവല്ലാ അതിരൂപതയിൽ അഭിവന്ദ്യ അത്തനാസിയോസ് പിതാവിന്റെ കാലത്ത് സെമിനാരിയിൽ ചേരാൻ പോയെങ്കിലും, അത് സാധിക്കാതെ വന്നതിൽ നിരാശപ്പെടാതെ ബഥനിയാകുന്ന വടവൃക്ഷത്തിന്റെ കൊമ്പിൽ ചേക്കേറി തന്റെ ദൈവവിളിക്ക് ഉത്തമ രൂപവും ഭാവവും നല്കിയ അച്ചൻ ബഥനിയെ നെഞ്ചോടു ചേർത്ത്, പൗരോഹിത്യജീവിതത്തിന് സാക്ഷ്യം നൽകി.

**ഒന്നും, ഒന്നും രണ്ട്:**

“നിങ്ങളുടെ വാക്ക് അതേ, അതേ അല്ലാ, അല്ലാ, എന്നോ ആയിരിക്കട്ടെ. ഇതിനപ്പുറം ദുഷ്ടിനിൽ നിന്നു വരുന്നു” (മത്താ 5:3).

ബഹുമാനപ്പെട്ട ബേസിലച്ചനെ സംബന്ധിച്ചിടത്തോളം ഒന്നും-ഒന്നും വല്യ ഒന്നല്ല; ഒന്നും-ഒന്നും എപ്പോഴും രണ്ടായിരുന്നു. ജീവിതകാലം മുഴുവൻ യാഥാർത്ഥ്യങ്ങളെ തുറവിയോടും, സത്യത്തെ നിഷ്കളങ്കമായും മനസ്സിൽ കപടത ഇല്ലാതെ തുറന്നു പറഞ്ഞിരുന്നു. മനസ്സിലുള്ള ചിന്തകൾ അതേപോലെ വാക്കിലൂടെ പങ്കുവച്ചിരുന്ന യഥാർത്ഥ ബഥാനിയൻ വിശുദ്ധ പൗലോസ് ശ്ലീഹായുടെ വചനം “നിങ്ങളോടുള്ള ഞങ്ങളുടെ വാക്കുകൾ ഒരേ സമയം അതേ എന്നും, അല്ല എന്നും ആയിരുന്നില്ലാ, എന്നതിന് വിശ്വസ്തനായ ദൈവം സാക്ഷി” (1കൊറി 1:17).

**സൗഹൃദങ്ങളുടെ തമ്പുരാൻ**

"സഹോദരൻ സഹായത്തിനുള്ളവൻ ഉറപ്പുള്ള നഗരം പോലെയാണ്" (സുഭാ 18:19).

ബഹുമാനപ്പെട്ട ബേസിലച്ചൻ സ്നേഹബന്ധങ്ങൾ സാവകാശം പടുത്തുയത്തിയാലും, ദീർഘകാലം നിലനിൽക്കുന്നതായിരുന്നു. നമ്മളിൽ നിന്നും വാങ്ങിപ്പോയ ബഹു.നോർബർട്ട് അച്ചനുമായുള്ള ബേസിലച്ചന്റെ സൗഹൃദം എടുത്തു പറയേണ്ടതാണ്. ഞാൻ കല്ലാറിൽ ഉള്ളപ്പോൾ ഇടയ്ക്കിടയ്ക്ക് അച്ചന് ഇഷ്ടപ്പെട്ട പരിപ്പുവട നൽകുമ്പോൾ വിടർന്ന കണ്ണുകളോടെ അതിലെ പരിപ്പ് നൽകിയ മഹാരാഷ്ട്രക്കാരേയും, ഉള്ളി നൽകിയ തമിഴ്നാട്ടുകാരേയും, ഇഞ്ചിയും, കറിവേപ്പിലയും നൽകിയവരേയും പരിപ്പുവട ഉണ്ടാക്കിയവരേയും നന്ദിയോടെ സ്മരിക്കുമായിരുന്നു.

**കോൺഫിഡെൻഷ്യലിറ്റിയിൽ കോൺഫിഡെൻഷ്യാലിറ്റിയില്ല**

ഒരു ദിവസം വളരെ വിഷാദമഗ്നനായ അച്ചനോട് ഞാൻ കാര്യം തിരക്കി. എടോ, ഇന്ന് ഒരബന്ധം പറ്റി. ഞാൻ നമ്മുടെ ഒരു ഉദ്യോഗസ്ഥനോട് (സുപ്പീരിയേഴ്സിനെ അച്ചൻ "ഉദ്യോഗസ്ഥൻ' എന്നാണ് വിളിച്ചിരുന്നത്) രഹസ്യമായ ഒരു കാര്യം-വളരെ കോൺഫിഡെൻഷ്യലായ ഒരു കാര്യം - പറഞ്ഞതിന്റെ ഒരു മണിക്കൂറിനുശേഷം, ആ രഹസ്യം എല്ലാവരും പരസ്യമായി അറിഞ്ഞു. "താൻ ഒരു കാര്യം ചെയ്യണം, എല്ലാവരും അറിയേണ്ട ഒരു കാര്യം വളരെ കോൺഫിഡെൻഷ്യൽ ആണെന്ന് ഒരാളോട് പറഞ്ഞാൽ മതി. എല്ലാവരും അത് അറിഞ്ഞുകൊള്ളും."

"കേൾക്കുന്നതെല്ലാം പറഞ്ഞു നടക്കരുത്. നിനക്കൊന്നും നഷ്ടപ്പെടില്ല. മിത്രത്തോടായാലും, ശത്രുവിനോടായാലും കേട്ടതു പറയരുത്. പാപം ആവുകയില്ലെങ്കിൽ അതു നീ വെളിപ്പെടുത്തരുത്. കേൾക്കുന്നവന് നിന്നിൽ വിശ്വാസം നഷ്ടപ്പെടും. ക്രമേണ അവൻ നിന്നെ വെറുക്കും" (പ്രഭാ. 19:7-9).

**മാതൃഭക്തി:** ബഹു. ബേസിലച്ചന്റെ ആത്മീയത കപടതയില്ലാത്തതായിരുന്നു. ദീർഘനേരം പ്രാർത്ഥിക്കുന്നതായിട്ടോ, ഭക്താഭ്യാസങ്ങൾ നടത്തുന്നതായിട്ടോ ആരെയും ബോധിപ്പിക്കേണ്ട ഒരു കാര്യം ആയി

പരിഗണിച്ചില്ല. എല്ലാ ദിവസവും പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാല മുറിയിൽ ചൊല്ലുന്നത് ഞാൻ കണ്ടിട്ടുണ്ട്.

**കാൽപ്പന്തുകളി:** കഴിഞ്ഞകാല ഫുട്ബോൾ കളിക്കാരേയും, ഇപ്പോഴത്തെ കളിക്കാരുടേയും പേര് പറഞ്ഞ് അച്ചൻ കാൽപ്പന്തു കളിയിലെ താല്പര്യം പറയുമായിരുന്നു. അവസാനനാളിൽ ക്രിക്കറ്റിനേയും സ്നേഹിച്ചിരുന്നു. ഓരോ കളിക്കാരുടേയും പേര് സഹിതം എന്നോടു പറയുമായിരുന്നു.

## ദൈവം ഉള്ളം കയ്യിൽ സംരക്ഷിക്കും

ഞാൻ കല്ലാറിലുണ്ടായിരുന്നപ്പോൾ യാദൃശ്ചികമായി, നമ്മുടെ പാറമടയിൽ ഒരു സ്ത്രീ വീഴുവാനിടയായി. ഞാൻ അവസരോചിതമായി ആ വ്യക്തിയെ മരണവക്രത്തിൽനിന്നു രക്ഷപ്പെടുത്തിയപ്പോൾ അച്ചൻ പറഞ്ഞ വാക്ക്: "ദൈവം ഉള്ളംകൈയ്യിൽ നമ്മെ സംരക്ഷിക്കും" ഭയപ്പെടേണ്ട ഞാൻ നിന്നോടു കൂടെയുണ്ട്. സംഭ്രമിക്കേണ്ട ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ വലത്തുകൈകൊണ്ട് ഞാൻ നിന്നെ താങ്ങി നിർത്തും" (ഏശ. 41:10).

## മേലധികാരികളോടുള്ള വിധേയത്വം

"ഓരോരുത്തനും മേലധികാരികൾക്കു വിധേയനായിരിക്കട്ടെ. എന്തെന്നാൽ ദൈവത്തിൽ നിന്നല്ലാതെ അധികാരമില്ല. നിലവിലിരിക്കുന്ന അധികാരങ്ങൾ ദൈവത്താൽ സ്ഥാപിതമാണ്. തന്നിമിത്തം അധികാരത്തെ ധിക്കരിക്കുന്നവൻ ദൈവിക സംവിധാനത്തെയാണ് ധിക്കരിക്കുന്നത്. ധിക്കരിക്കുന്നവൻ തങ്ങൾക്കുതന്നെ ശിക്ഷാവിധി വരുത്തിവയ്ക്കും" (റോമ 13:1-2).

ബഥനിയിലെ തന്റെ അധികാരികളെ അനുസരിക്കുകയും, ബഹുമാനിക്കുകയും ചെയ്യുന്ന ബേസിലച്ചൻ നൽകിയ മാതൃക അനുഗ്രഹീതമാണ്. നമ്മിൽ നിന്നും വാങ്ങിപ്പോയ ബഹു.ലൂയിസ് മൂലേവീട്ടിലച്ചനെപ്പറ്റി നിരന്തരം ഓർക്കുമ്പോൾ, ഒരു അധികാരിയുടെ ജീവിതമാതൃക എപ്രകാരമാണ് സമൂഹത്തിന് ദിശാബോധം നൽകുന്നതെന്ന് ബേസിലച്ചൻ സൂചിപ്പിക്കുമായിരുന്നു. പക്ഷപാതമില്ലാതെ, കരുണയോടെ തന്റെ അധികാരത്തെ ശുശ്രൂഷയാകുന്ന സുഗന്ധധൂപം

കൊണ്ട് സന്യാസത്തെ ഉയർത്തിയിരുന്ന പൗരോഹിത്യത്തിലെ പിന്നോക്കക്കാരനോ, പൗരോഹിത്യത്തിലെ മുന്നോക്കക്കാരനോ എന്ന് വേർതിരിവില്ലാതെ അധികാരത്തെ വിനിയോഗിച്ച ബഹു.ലൂയിസച്ചന്റെ മാതൃക എപ്പോഴും ബേസിലച്ചൻ ഓർക്കുമായിരുന്നു.

**സഫലമീയാത്ര**

ബഹുമാനപ്പെട്ട ബേസിലച്ചൻ ഈ ലോകത്തിൽ മാത്രം പ്രത്യാശ വച്ച വ്യക്തിയല്ല. നശ്വരമായ ഈ ലോകജീവിതത്തിനുശേഷം ദൈവം ഒരുക്കിയ അനശ്വരജീവിതത്തിനായി ഒരുങ്ങിയ വ്യക്തിയായിരുന്നു. തന്റെ സന്യാസപൗരോഹിത്യജീവിതത്തെ സന്തോഷപൂർവ്വം ഉൾക്കൊണ്ട് നന്മചെയ്ത്, സന്യാസജീവിതത്തെ സ്വർഗ്ഗീയ ജീവിതത്തിന്റെ മുന്നാസ്വാദനം ആയി കണ്ട, അച്ചന്റെ സഫലീകരിച്ച യാത്ര നമുക്ക് മാതൃകയാണ്.

○

മുൾ- മുടിയേറ്റും സ്കീപ്പാമേൽ
മനസ്സാ- ക്രൂശിക്കപ്പെട്ടും
താ- തൻ കൈകളിലാത്മാവെ
ഏൽപി- ച്ചോൻ മുടി മുടയുമ്പോൾ
രാജാ- ധീശാ നിൻതോപ്പിൽ പണിചെയ്തവനാം
ഈ നിന്നാ- ചാര്യൻ
നിൻമ- ഹിമോദയനാൾ തന്നിൽ വലം ഭ-
ഗേനിന്നീ- ടേണം
ഉ- ത്സാഹികൾക്കായ് പ്രതിഫലമേകു- മ്പോളിവനും
നൽ കൂടാരത്തിൽ കൂടി മണവയേറീട്ടിവനും
മോദിച്ചീ- ടേണം

*(കൊഹനൈത്താ)*

# ഹൃദയകാപട്യമില്ലാത്ത സന്യാസവര്യൻ

**റവ. ഫാ. ഫ്രാൻസിസ് പൂക്കളം ഒ.ഐ.സി.,**

**ബഥനി ആശ്രമം, നെല്ലിയാടി, ദക്ഷിണ കന്നട**

യഥാർത്ഥ സന്യാസജീവിതത്തിന് മാതൃകയായി ജീവിച്ച സന്യാസവര്യനായി ബേസിലച്ചനെ കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു. ലളിതമായ ജീവിതശൈലിയും, ഹൃദയനൈർമ്മല്യവും ജീവിതവിശുദ്ധിയും, നിശ്ചയദാർഢ്യവും കൈമുതലാക്കി അവസാനംവരെ അത് ജീവിതത്തിൽ പാലിച്ച ഒരു സന്യാസിയായിരുന്നു ബേസിലച്ചൻ.

ബേസിലച്ചനുമൊത്ത് കൂടുതൽ ഇടപെടുന്നത് അച്ചൻ കോടിംബാള ദേവാലയത്തിന്റെ (എന്റെ ഇടവക) വികാരിയായിരുന്നപ്പോഴാണ്. അവധിക്ക് നാട്ടിൽ വരുമ്പോഴൊക്കെ അച്ചനെ കാണുവാൻ പോകുമായിരുന്നു. "എടോ... സുഖമാണോ...?" എന്ന ചോദ്യത്തിലൂടെ നർമ്മവും ചെറിയ ഒരു പുഞ്ചിരിയും പാസാക്കി എപ്പോഴും സമീപിക്കാൻ സാധിക്കുന്ന വ്യക്തിയാണ് അച്ചനെന്ന് കാണിച്ചുതന്നു. സരളമായ സംസാരശൈലിയും അതിൽ നർമ്മവും കലർന്ന് ഉണ്ടാകുന്ന ഘടനയും ചേരുമ്പോൾ ഏതൊരു ഗൗരവക്കാരനും ബേസിലച്ചനുമൊത്ത് ചിരിക്കും. ഹൃദയകാപട്യമില്ലാതെ ഉള്ളതു പറയാനും, തിരുത്താനുള്ളത് തിരുത്താനുമുള്ള അച്ചന്റെ കഴിവ് അപാരമാണ്.

അച്ചനോടൊത്ത് ഇടപഴകിയ അവസരങ്ങളിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചത് എല്ലാവരെയും ഒരുപോലെ സ്നേഹിക്കുവാനുള്ള അച്ചന്റെ സ്വഭാവ ഗുണമാണ്. തന്റെ അടുത്തുവരുന്ന ഏതൊരു വ്യക്തിയോടും തനതായ ശൈലിയിലൂടെ അച്ചന് സ്നേഹിക്കുവാൻ കഴിയുമായിരുന്നു.

തന്റെ ക്ഷേമത്തേക്കാൾ മറ്റുള്ളവരുടെ ക്ഷേമം ആരാഞ്ഞുകൊണ്ടിരുന്ന അച്ചനെ ജീവിതസായാഹ്നത്തിന്റെ അവസാന നാളുകളിൽ കാണുവാൻ ചെന്നപ്പോൾ, ഞാൻ ചോദിക്കുന്നതിനു മുമ്പുതന്നെ അച്ചൻ എന്നോടു ചോദിച്ചു, 'എടോ... തനിക്ക് സുഖമാണോ? എനിക്ക് പഴയതുപോലെ വയ്യടോ....' ഇത്രമാത്രം സന്യാസത്തെ സ്നേഹിച്ച് സന്യാസമൂല്യങ്ങൾ ജീവിതശൈലിയാക്കിയ ബഥനിയുടെ ഇടയന് എന്റെ പ്രണാമം!

# ക്യത്യനിഷ്ഠ ജീവിത പ്രമാണമാക്കിയ ഒരു ബഥനി സന്യാസി

**റവ. ഫാ. മാത്യു മോടിയിൽ ഒ.ഐ.സി.**

ബഥനിയെന്ന ആരാമത്തിൽ ഏതാണ്ട് അരനൂറ്റാണ്ടിൽ അധികം സന്യാസിയായും 40-ൽ അധികം വർഷം സന്യാസ പുരോഹിതനായും ജീവിച്ച നിശബ്ദ സേവനത്തിന്റെ ഉടമയായ ജ്യേഷ്ഠസഹോദരാ, അങ്ങയുടെ ഓർമ്മകൾക്കുമുമ്പിൽ ഞങ്ങളുടെ സ്നേഹപ്രണാമം.

സന്യാസ ജീവിതത്തിലേക്ക് പിച്ചവച്ചകാലം മുതൽ ധാരാളം മധുരിക്കുന്ന ഓർമ്മകൾ തന്ന ഒരു വന്ദ്യപുരോഹിതശ്രേഷ്ഠനായിരുന്നു ബ.ബേസിലച്ചൻ. പച്ചയായ യാഥാർത്ഥ്യങ്ങൾ അല്പംപോലും ശങ്കകൂടാതെ അധികാരിയെന്നോ അധീനനെന്നോ സതീർത്ഥനോ, ജ്യേഷ്ഠനോ അനുജനോ എന്നും തരംതിരിവില്ലാതെ സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് 'ഉരുളയ്ക്ക് ഉപ്പേരി' എന്ന കണക്ക് മറുപടി കൊടുക്കുന്ന ഒരു ബഥനി സന്യാസി നമ്മുടെ സമൂഹത്തിന്റെ ചരിത്രത്തിൽ ഉണ്ടോയെന്നു സംശയമാണ്.

വി.പൗലോസിന്റെ അഭിപ്രായത്തിൽ സന്തോഷം പരിശുദ്ധാത്മാവിന്റെ ഫലമാണ് (ഗലാ. 5:22) ദൈവരാജ്യത്തിന്റെ സ്ഥിര സവിശേഷതയാണ്. അത് പരീക്ഷകളും കഷ്ടതകളുംകൊണ്ട് ശക്തമാക്കപ്പെടുന്നു. സന്തോഷത്തിന്റെ ഉറവിടം പ്രാർത്ഥന, പരസ്നേഹം, നിരന്തര കൃതജ്ഞതാപ്രകടനം എന്നിവയിൽ കണ്ടെത്തണം "ജറുസലേമിനെ സ്നേഹിക്കുന്ന നിങ്ങൾ അവളോടുകൂടെ ആനന്ദിച്ചുല്ലസിക്കുവിൻ. അവളോടൊത്ത് സന്തോഷിച്ചു തിമിർക്കുവിൻ" (ഏശ. 66:10).

സമർപ്പണത്തിന്റെ സൗന്ദര്യം സന്തോഷമാണ്. ദൈവത്തിൽ നിന്നുള്ള ആശ്വാസം എല്ലാവർക്കും എത്തിച്ചു കൊടുക്കുന്നതിനുള്ള സന്തോഷം. സന്തോഷം ഉപയോഗമില്ലാത്ത ഒരു ആഭരണമല്ല. മനുഷ്യജീവിതത്തിന്റെ അടിസ്ഥാനമാണ്. നമ്മുടെ മാതാപിതാക്കൾ പകലന്തിയോളം കഷ്ടപ്പെടുന്നത് ആത്യന്തികമായി കുടുംബത്തിന്റെ സന്തോഷം നേടാൻ ആഗ്രഹിക്കുന്നു എന്നതിന്റെ തെളിവാണ്.

ദൈവം നമ്മെ സന്യാസത്തിലേക്ക് തിരഞ്ഞെടുക്കുമ്പോൾ അവിടുന്ന് നിശബ്ദമായി പഠിപ്പിക്കുന്നത് "നീ എനിക്ക് പ്രധാനപ്പെട്ട വ്യക്തിയാണ്. ഞാൻ നിന്നെ സ്നേഹിക്കുന്നു. ഞാൻ നിന്നെ പരിഗണിക്കുന്നു" ഈ ദൗത്യവും ചിന്തയും മനസ്സിലാക്കുന്നത് ക്രമേണ ഇതിൽ നിന്ന് ലഭിക്കുന്ന സന്തോഷത്തിലൂടെയും ദൈവാനുഭവത്തിലൂടെയുമാണ്.

ബഹുമാനപ്പെട്ട ബേസിൽ അച്ചനോടൊപ്പമുള്ള ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞു നോക്കുമ്പോൾ മുകളിൽ പ്രസ്താവിച്ച സന്തോഷവും ദൈവസാന്നിദ്ധ്യബോധ്യവും തന്റെ ജീവിതത്തിൽ പൂർണ്ണമായി ആസ്വദിച്ച ഒരു വ്യക്തിയായിരുന്നു. തന്റെ സ്വതസിദ്ധമായ സംസാരശൈലി ചുട്ടമറുപടി ഇവയെല്ലാം ആ സന്തോഷത്തിന്റെ പൂർണ്ണത ജീവിതത്തിൽ ഉണ്ടായിരുന്നു എന്നു സ്പഷ്ടമാക്കുന്ന ഉദാഹരണങ്ങളാണ്.

സംഭവബഹുലമായ ഈ ജീവിതരീതിയിൽ നിന്ന് വിവേചിച്ചെടുക്കാവുന്ന ചില സന്യാസ മൂല്യങ്ങളെ പരിമിതികളിൽ നിന്നുകൊണ്ട്, പരിമിതമായ ജീവിതാനുഭവംകൊണ്ട് ഓർത്തെടുക്കുവാൻ ശ്രമിക്കട്ടെ.

## സന്യാസ ദൈവവിളി

"നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ. 15:16) ഈ വചനം അച്ചന്റെ ജീവിതത്തിലൂടെ ചില വസ്തുതകൾ വെളിപ്പെടുത്തുന്നു. അനന്യസാധാരണമായ ബുദ്ധിയോ, കഴിവോ എന്നിങ്ങനെ ബാഹ്യസൗന്ദര്യമോ അല്ല സന്യാസ ദൈവവിളിയുടെ അടിസ്ഥാനമെന്നു ജീവിതംകൊണ്ടു പഠിപ്പിച്ച ആചാര്യൻ. ദൈവത്തിന്റെ കരുണയും അനുഗ്രഹവുമാണ് സന്യാസജീവിതത്തിനു അത്യന്താപേക്ഷിതമെന്ന് ജീവിതംകൊണ്ട് ചില സംസാരത്തിലൂടെ വളരെ മനോഹരമായി കാട്ടിതന്നിട്ടുള്ളത്. ദൈവവിളി ഉപേക്ഷിക്കുന്നവരെയും അതിനു തുല്യമായി ജീവിക്കുന്നവരെയും യാതൊരു സങ്കോചവുംകൂടാതെ വാക്കുകൊണ്ടും ഉപദേശംകൊണ്ടും തിരുത്തുന്നതിന് പലപ്പോഴും സാക്ഷിയായിട്ടുണ്ട്.

തന്റെ ദൈവവിളിയുടെ മഹത്വം ബുദ്ധിമാഹാത്മ്യത്തിലോ സ്വരമാധുരിമ യിലോ മാത്രമല്ല പിന്നെയോ വേദനിക്കുന്നവരോട് പാവപ്പെട്ടവരേയും പങ്കുചേരുന്നതിലാണ് എന്നു ജീവിതവും ജീവിത പ്രവർത്തനവും വ്യക്തമാക്കി തരുന്നു.

**ആശ്രമജീവിതം**

"സഹോദരൻ ഏക മനസ്സായി ഒരുമിച്ചു വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്" (സങ്കീ. 33:1).

പ്രത്യക്ഷത്തിൽ പരുക്കൻ സ്വഭാവവും ഘനഗംഭീരമായ ശബ്ദവും പ്രാരംഭത്തിൽ അസ്വാഭാവികതയും തോന്നുമെങ്കിലും കാര്യത്തിന്റെ ഗൗരവവും പ്രാധാന്യവും മനസ്സിലാക്കി ഇടപെടുന്നത് കാണുമ്പോൾ ആ മനുഷ്യഹൃദയത്തിന്റെ യഥാർത്ഥ സ്വഭാവം ബോധ്യപ്പെടും. മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാനോ കാണിക്കു വാനോ ഉള്ളതല്ല തന്റെ ജീവിതവും സന്യാസവവും എന്ന് കൂടെ ജീവിച്ച വർ എന്നും അനുസ്മരിക്കും. തുറന്നുള്ള സംസാരരീതി, ജാടയില്ലാത്ത തനിസ്വഭാവം, എന്തും തുറന്നു പറയുവാനുള്ള ആത്മധൈര്യം എന്നീ കഴിവുകൾ ഒരു യഥാർത്ഥ ആശ്രമവാസിയുടെ മാത്രം കൈമുതലാണ്.

ദീർഘകാലം പല ആശ്രമങ്ങളിലെയും ദൈനംദിന കാര്യങ്ങളും, സാമ്പത്തിക കാര്യങ്ങളും കൈകാര്യം ചെയ്തിരുന്ന വ്യക്തിത്വ മുഖമായ തന്റെ ജീവിതംകൊണ്ട് മുകളിൽ പ്രസ്താവിച്ച കാര്യങ്ങൾ അടുക്കും ചിട്ടയോടുംകൂടെ എപ്രകാരം ഒരു സന്യാസിക്ക് ചെയ്യുവാൻ സാധിക്കുമെന്നു കാട്ടി തന്നിട്ടുണ്ട്. പുതിയ തലമുറ പ്രസ്തുത സ്വഭാവം പഠന വിഷയമാക്കേണ്ടതാണ്.

ദീർഘമായ അഭ്യാസങ്ങളിലും പ്രാർത്ഥനയിലും മാത്രമല്ല, പിന്നെയോ സഹോദര ബന്ധങ്ങൾക്ക് വളരെ പ്രാധാന്യവും വിലയു മുണ്ടെന്നു ജീവിതംകൊണ്ട് വരച്ചു കാണിച്ചു തന്നിട്ടുമുണ്ട്. ഇടവക ശുശ്രൂഷ കഴിഞ്ഞ് പതിവിൽ കൂടുതൽ താമസിച്ചാൽ കാത്തിരിക്കുന്ന ഒരു പിതാവിന്റെ ആകാംക്ഷയും കാത്തിരിപ്പും അല്പംപോലും മറ്റുള്ളവരെ അറിയിക്കാതെ നോക്കിയിരിക്കുന്ന സ്വഭാവത്തിന്റെ ശ്രേഷ്ഠത അനുഭവിച്ചറിഞ്ഞിട്ടുണ്ട്.

**വിശ്വാസ സംരക്ഷകൻ**

ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠയും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുശാസിക്കുന്നവളുമായിരുന്നു എലിസബത്ത് (ലൂക്കാ 1:6). ദൈവത്തിന്റെ വഴികളെ പരിഭവങ്ങളില്ലാതെ ആശ്ലേഷിക്കുന്ന വിശാലഹൃദയവും ദൈവകല്പനയ്ക്കു തന്നെത്തന്നെ സമർപ്പിക്കുകയും ദൈവേഷ്ടം തിരിച്ചറിഞ്ഞ് ധൈര്യപൂർവ്വം ആശ്ലേഷിക്കുകയും ചെയ്യുന്ന വിശ്വാസത്തിന് ഉടമയായിരുന്നു ബ.ബേസിലച്ചൻ. അച്ചന്റെ ഇടവക പ്രേഷിത പ്രവർത്തനത്തിലുള്ള തീക്ഷ്ണതയും ചുറുചുറുക്കും അതുപോലെ നിയമങ്ങൾക്കും സത്യത്തിനുംവേണ്ടി നിലനില്ക്കുന്ന സ്വഭാവരീതിയും മറ്റു പലരിൽ നിന്നും ബഹു.അച്ചനെ വ്യത്യസ്ഥനാക്കുന്നു.

ചുരുക്കത്തിൽ നെല്ലിക്കായുടെ മധുരം ആസ്വദിക്കണമെങ്കിൽ അതിന്റേതായ സമയവും സാവകാശവും വേണമെന്നതുപോലെ അച്ചന്റെ ജീവിതം പുറമേ കാണുന്നതുപോലെയല്ല. പിന്നെ അടുത്തറിയുമ്പോൾ മാത്രമാണ് അതിന്റെ ദൈവീകതയും വിശ്വാസ തീക്ഷ്ണതയും സന്യാസവിശുദ്ധിയും കൃത്യനിഷ്ഠയും മനസ്സിലാക്കുകയുള്ളു. ബഹു. ബേസിൽ അച്ചന്റെ, പച്ചയായ യാഥാർത്ഥ്യംപോലെ നിലനിൽക്കുന്ന നല്ല ഓർമ്മയ്ക്കുമുമ്പിൽ കൂപ്പുകൈയോടെ പ്രണാമം.

○

കർത്താവേ! മണ്ണാൽ- എ - ന്നെ സൃഷ്ടിച്ചെന്നിൽ
ജീ- വശ്വാസം നീ ഊതി
ദുഷ്ടനവൻ- വന്നെന്നെ- കൊന്നല്ലൊ
കനിയണമേ- കർത്താവേ, നിൻ രൂപേ
നിൻസ്തുതിനിത്യം- ഘോഷി- ച്ചീ- ടാനായതിനെ
പുനർജ്ജീവി- പ്പിക്കണമേ

*(കൊഹനൈത്താ)*

# ഗൗരവ ഭാവത്തിന്റെ സ്നേഹസാന്നിദ്ധ്യം ഓർമ്മയായി...

റവ. ബ്രദർ ജോൺ ബർക്കുമൻസ് ചൂരക്കുഴിയിൽ ഒ.ഐ.സി.
ബഥനി ആശ്രമം, നിലമ്പൂർ

''നിൻ പുഷ്പതാലത്തിൽ എൻ പ്രേമ പുഷ്പദളങ്ങൾ അർപ്പിക്കുന്നു''

''ഇതാണ് കർത്താവിന്റെ കവാടം; നീതിമാന്മാർ ഇതിലൂടെ പ്രവേശിക്കുന്നു'' (സങ്കീ 118:20).

ബഹു.ബേസിൽ നല്ലുന്താനത്തച്ചന്റെ ദേഹവിയോഗത്തെക്കുറിച്ച് ഓർക്കുമ്പോൾ ഈ സങ്കീർത്തന വരികളാണ് എന്റെ ഓർമ്മയിൽ ഓടിയെത്തുക. 84 വർഷത്തെ സുദീർഘമായ അനുഭവസമ്പത്തിൽ നിറഞ്ഞ ആ വിശുദ്ധജീവിതം ഒരു നുറുങ്ങു വെളിച്ചംപോലെ ശാന്തമായി കടന്നുപോയി. തന്റെ സന്യാസ പൗരോഹിത്യജീവിതത്തെ അനശ്വരമാക്കിത്തീർത്ത പ്രവർത്തനത്തിന്റെയും ഈശ്വരാന്വേഷണത്തിന്റെയും അനർഗ്ഗള നിമിഷങ്ങൾ സമ്മാനിച്ചുകൊണ്ട് ഈശ്വര സായൂജ്യത്തിന്റെ പൂർണ്ണതയിലേക്ക് അദ്ദേഹം യാത്ര പറഞ്ഞു. തന്റെ ഈശ്വരാന്വേഷണത്തിന്റെയും ഈശ്വരാവിഷ്കാരത്തിന്റെയും പൂജകനാകാൻ, അദ്ദേഹം തന്റെ വിശ്വാസ സംഹിതകളെ അനശ്വരമെന്നുറപ്പിച്ചു. തന്റെ പ്രിയനുവേണ്ടി സമർപ്പിച്ച ജീവിതത്തിന്റെ പ്രയാണത്തിൽ തനതായ വെല്ലുവിളികളെ സ്വജീവിതത്തിൽ ത്യാഗംകൊണ്ടും യാഗംകൊണ്ടും നിർമ്മലമാക്കിയ സമൂഹത്തിലെ മുതിർന്ന തലമുറയിലെ ഇളമുറക്കാരനായ താപസശ്രേഷ്ഠനായിരുന്നു ബഹു.ബേസിലച്ചൻ എന്നു പറയുന്നതാവും ശരി. യാഥാർത്ഥ്യങ്ങൾക്കു വേണ്ടി സധൈര്യം നിലകൊണ്ടിരുന്ന ഒരു വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. മനസ്സ് നനക്കുന്ന ഓർമ്മകളുടെ വിത്തുകൾ പാകിയിട്ട് അദ്ദേഹം യാത്ര പറയുമ്പോൾ തലമുറകളിലൂടെ കൈവരുന്ന സ്നേഹത്തിന്റെയും ആത്മധൈര്യത്തിന്റെയും ആശയാവിഷ്കാരത്തിന്റെയും അനുസ്യൂതമായ അലതല്ലൽ, ഒരു സ്വപ്നസമം ആ സ്നേഹപുഷ്പം നമ്മെ വിട്ടകലുകയാണ്, എന്നേയ്ക്കുമായ്...! അതേ... ഹൃദയത്തിൽ അലതല്ലലുളവാക്കി അങ്ങകലെ നീലാകാശത്തിന്റെ

നീലിമയിൽ അദ്ദേഹം മറഞ്ഞുകഴിഞ്ഞു. ഇനിയൊരിക്കൽ കാണാമെന്ന പ്രതീക്ഷയിൽ ഈശ്വരസവിധത്തിൽ തന്റെ പ്രിയതമനുമായുള്ള സായൂജ്യത്തിൽ ലയിച്ചടങ്ങുകയാണ്. "എന്റെ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. നിങ്ങൾ ജീവിക്കും. ഞാൻ നിങ്ങളെ നിങ്ങളുടെ സ്വന്തദേശത്തു വസിപ്പിക്കും" (എസ. 37:5). കൊഴിഞ്ഞ പൂക്കളും നിമിഷങ്ങളും തിരികെ വരില്ലെന്നുള്ള തിരിച്ചറിവിലേക്കാണ് നമ്മെ എത്തിക്കുക. മനസ്സ് ശൂന്യമാകുമ്പോഴും മൗനം വീർപ്പ് മുട്ടിക്കുമ്പോഴും ബ.ബേസിലച്ചന്റെ ഓർമ്മകൾ നമുക്കെന്നും ബലം പകരുന്നവയാണ്. "കർത്താവിനെ ഭയപ്പെടുന്നവന്റെ അവസാനം ശുഭമായിരിക്കും; മരണദിവസം അവൻ അനുഗ്രഹീതനാകും" (പ്രഭാ. 1:13).

**ജനസ്വീകാര്യതയുടെ മനുഷ്യൻ**

ബഹു.ബേസിലച്ചനെ സ്നേഹിച്ചിരുന്ന, അതുപോലെ അച്ചനും സ്നേഹിച്ചിരുന്ന അനേകം പേരെ കാണുവാൻ ഇടയായിട്ടുണ്ട്. അച്ചന്റെ സ്നേഹവാത്സല്യങ്ങൾക്ക് പാത്രമാകുന്നവരുടെ സന്തോഷവും സഹകരണവും ഗുരുശിഷ്യബന്ധത്തിന്റെ പവിത്രതയെയാണ് ഓമ്മിപ്പിക്കുക. സൗഹൃദപരവും സന്തോഷകരവുമായ അച്ചന്റെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ചിരുന്നവർ അനേകരാണ്. എന്നാൽ സന്തോഷം നൽകുന്ന കൂടിക്കാഴ്ചകൾക്കപ്പുറം, ഒരു ദിവ്യാനുഭൂതിയുടെ നിമിഷങ്ങളായ പങ്കുവയ്ക്കലുകൾക്കുകൂടി ഈ കൂടിവരവുകൾ സാക്ഷ്യം വഹിച്ചിട്ടുണ്ട്. വിശ്രമകാലഘട്ടത്തിൽ അദ്ദേഹം ഏറ്റെടുത്തു നടത്തിയിരുന്ന ഞായറാഴ്ചകളിലെ കുടുംബപ്രാർത്ഥനകൾ ഏറ്റം ഹൃദ്യമായ സുവിശേഷോപദേശങ്ങളും പ്രാർത്ഥനകളുംകൊണ്ട് സമ്പന്നമായിരുന്ന ഭവനസന്ദർശനങ്ങൾ എന്നും അദ്ദേഹത്തിന്റെ മിഷ്യനറി പ്രവർത്തന ജീവിതത്തിന്റെ ഓർമ്മ പുതുക്കലിന്റെ ഭാഗമായി അദ്ദേഹം കണ്ടിരുന്നു, പങ്കുവച്ചിരുന്നു. ബഹു.ബേസിലച്ചന്റെ പ്രാർത്ഥനാസഹായം അഭ്യർത്ഥിച്ചുകൊണ്ടും ആവശ്യങ്ങളും നിയോഗങ്ങളും അറിയിച്ചുകൊണ്ടും ധാരാളം ആളുകൾ അദ്ദേഹത്തെ സമീപിച്ചിട്ടുണ്ട്. അതുപോലെ വിശുദ്ധ കുർബാന നിയോഗങ്ങളുമായി ധാരാളം ആളുകൾ അച്ചനെ സമീപിച്ചു പ്രാർത്ഥിച്ചു മടങ്ങുകയും ചെയ്തിരുന്നു. ഈ വിധമായ പ്രേഷിതപ്രവർത്തനങ്ങളിലെല്ലാം വ്യാപൃതനാകുമ്പോഴും അദ്ദേഹം തന്റെ സന്യാസാരൂപിയ്ക്കോ, നിഷ്ഠാപരമായ ജീവിതത്തിനോ യാതൊരു ഭംഗവും വരുത്തുവാൻ അനുവദിച്ചിരുന്നില്ല. "നമ്മുടെ സന്യാസജീവിതം മുഴുവനും പ്രേഷിത

ചൈതന്യത്താലും നമ്മുടെ പ്രേഷിതജീവിതം സന്യാസ ചൈതന്യത്താലും നിറഞ്ഞിരിക്കുന്നു" (ബഥനി വിശുദ്ധ നിയമം, 203). ഈ വിധമായ സമൂഹ നിയമം അനുശാസിക്കുക വഴിയുള്ള മഹത്തായ ആദർശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറില്ലാത്ത തീക്ഷ്ണമതിയും ധന്യനുമായ ഒരു ബഥാന്യനായിരുന്നു ബ.ബേസിലച്ചൻ.

അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ജീവിതശൈലികൊണ്ടും നിലപാടുകൾ കൊണ്ടും സ്വന്തമായ പ്രവർത്തന മേഖല രേഖപ്പെടുത്തിയ വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. മിഷൻ മേഖലകളിലെ ഒരു 'സാധാരണക്കാരനായ വികാരിയച്ചൻ' എന്നതിലപ്പുറം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളും ജീവിതവും ശുശ്രൂഷയും പകരക്കാരനില്ലാത്തവിധം തന്റേതായ ഒരിടം രേഖപ്പെടത്തിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത് എന്നു പറയുന്നതിൽ എനിക്കഭിമാനമുണ്ട്. സാന്നിധ്യംകൊണ്ടും പ്രാർത്ഥനാ ജീവിതംകൊണ്ടും തന്റെ സന്യാസ പൗരോഹിത്യ ജീവിതത്തെ സമൂഹത്തിനകത്തും മിഷൻ രംഗങ്ങളിലും ഒച്ചപ്പാടുകളും അവകാശ വാദങ്ങളും ഇല്ലാത്ത ഹൃദ്യമായ ജീവിത സഹവാസം ഉറപ്പാക്കിയിരുന്ന ബഥനിയുടെ സജീവസാന്നിദ്ധ്യമായിരുന്നു ബഹുമാന്യനായ ഈ പുരോഹിതൻ. അദ്ദേഹവുമായുള്ള സ്നേഹബന്ധത്തിന്റെ അനുഭവം എന്നു പറയുന്നത് അടുത്തുവിളിച്ച് അകത്തിരുത്തുന്ന മഹാമനസ്കതയാണ്. നർമരസങ്ങൾകൊണ്ട് ചാലിച്ചെടുത്ത പഴമൊഴികളുടെയും ആശയവിനിമയങ്ങളുടെയും പൂരപ്പാട്ടുകൾ തീർത്ത അനിഷേധ്യ അവതാരമായിരുന്നു ബഹുമാനപ്പെട്ട ഈ സന്യാസശ്രേഷ്ഠൻ.

**കാർക്കശ്യത കൈവിടാത്ത മനുഷ്യസ്നേഹി**

ഒരു സ്കൂൾ അദ്ധ്യാപകനായ പിതാവിന്റെ കാർക്കശ്യതയും, തലോടലുകളും ഈ മകനെ ഏറെ സ്വാധീനിച്ചവയായിരുന്നു. ആദ്യനോട്ടത്തിലെ സൗഹൃദപങ്കുവയ്ക്കലിന് പ്രയാസം തോന്നുന്ന ഗൗരവത്തിന്റെ കാർക്കശ്യഭാവം, അടുത്തു കഴിഞ്ഞാൽ 'ഉരുളയ്ക്ക് ഉപ്പേരി' എന്നവണ്ണമുള്ള സംസാരശൈലി ഇതെല്ലാം ചാലിച്ചെടുത്ത സരസപ്രദമായ സവിശേഷതകളാണ് ബഹുമാനപ്പെട്ട അച്ചന്റെ പ്രത്യേകതകൾ. ജാഡകൾ അശേഷമില്ലാത്ത ഒരു തനിനാടൻ വൈദികന്റെ ശുദ്ധതയോടെയുള്ള മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. മിഷൻ രംഗങ്ങളിലെ അച്ചന്റെ പ്രവർത്തനങ്ങളിലെ ഇടവകജനങ്ങളു

മായുള്ള സവിശേഷമായ ബന്ധങ്ങളാണ് അദ്ദേഹത്തിനുണ്ടായിരുന്നത്. തന്റെ എളിമയുള്ള മനസ്സ് തുറന്നുകൊണ്ട് താൻ എന്താണോ അതു തുറന്നു പറയുന്നതിൽ അദ്ദേഹം ഒരിക്കലും മടിച്ചു നിന്നിട്ടില്ല. സമൂഹാംഗങ്ങളുമായി ഒരു വലിയ ബന്ധവും സൗഹൃദവും സൂക്ഷിച്ചിരുന്ന വ്യക്തിയായിരുന്നു ബഹു.ബേസിലച്ചൻ. ആ മുഖം ഗാംഭീര്യമുള്ളതും ആ സ്വരം ദൃഢവും ആ ഹൃദയം സ്നേഹം നിറഞ്ഞതുമായിരുന്നു. വിശ്വാസത്തിലും പ്രാർത്ഥനയിലും അടിയുറച്ച ജീവിതം അദ്ദേഹത്തെ ബഥനിയുടെ മലർവാടിയിലെ വേറിട്ട റോസാപ്പുഷ്പമായി നിർത്തി. ഒരു നല്ലകാര്യം ആര് ചെയ്താലും അഭിനന്ദനത്തിന്റെ പെരുമഴ സൃഷ്ടിക്കുന്ന അദ്ദേഹത്തിന്റെ ഹൃദയവിശാലത ഒരു പിതാവിന്റേതും ഗുരുഭൂതന്റേതും ആയിരുന്നു എന്ന് ഓർക്കുകയാണ്.

വലതുകയ്യിൽ ഊന്നുവടിയും, ഇടംകയ്യ് ഞങ്ങൾ പിടിച്ചു മുന്നോട്ടു വഴിനടത്തുകയും ചെയ്യുമ്പോഴത്തെ അദ്ദേഹത്തിന്റെ നർമ്മചിന്തകളുടെ അണപൊട്ടിയൊഴുകുന്ന അനിതരസാധാരണമായ ചെപ്പുപൊട്ടിക്കൽ ഒരിക്കലും മറക്കാനാകാത്ത സുകൃതത്തിന്റെ അനുഭവമായാണ് മനസ്സിൽ നിറയുക. ഒരു കായികപ്രതിഭയായിരുന്ന അദ്ദേഹം ഒരു നല്ല ക്രിക്കറ്റ് ആസ്വാദകനും ഒപ്പം ഒരു തികഞ്ഞ ഫുട്ബോൾ പ്രേമിയും ആയിരുന്നു. കളിക്കുന്നവരുടെ പേരുകളും പെർഫോമൻസും വളരെ കൃത്യമായി വീക്ഷിക്കുകയും അതുകഴിഞ്ഞുള്ള സമയങ്ങളിൽ അത്യധികം സന്തോഷതിമിർപ്പോടെ പങ്കുവയ്ക്കുകയും ചെയ്യുക പതിവായിരുന്നു. ഏതുരാജ്യങ്ങളിലെ കളിക്കാരായാലും ഭംഗിയായി കളിക്കുന്നവരെ അഭിനന്ദിക്കാൻ അദ്ദേഹം മടി കാണിച്ചിരുന്നില്ല. ഭംഗിയായി പെർഫോമൻസ് ചെയ്തവരെ 'ചുണക്കുട്ടികൾ' എന്ന് സംബോധന ചെയ്യുവാനും പിശുക്ക് കാണിച്ചിരുന്നില്ല. കളികളുടെ കൃത്യത തിട്ടപ്പെടുത്തി വാചാലമായ കമന്റിലൂടെ അദ്ദേഹം കളി ആസ്വദിക്കുകയും 'മെസ്സി'യെപ്പോലെയുള്ളവരെ അദ്ദേഹം ഇഷ്ടപ്പെടുകയും ചെയ്തിരുന്നു.

**പങ്കുവയ്ക്കലിന്റെ വിശാലത**

വ്യക്തിപരമായൊരു ആത്മബന്ധം ഞാനും ബഹു.ബേസിലച്ചനുമായുണ്ടായിരുന്നു. പല അവസരങ്ങളിലും വിവിധ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം ആധികാരികമായി സംസാരിക്കുക പതിവായിരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു വിഷയം 'ജീവിതം, മരണം, മരണാനന്തര ജീവിതം' ഇവയെക്കുറിച്ചായിരുന്നു. മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള

അദ്ദേഹത്തിന്റെ ഉൾക്കാഴ്ച എനിക്കേറ്റം ശക്തി പകർന്നു തന്നവയാണ്. “എടോ, മരണശേഷം ദൈവം നമ്മുടെ ആത്മാവിനെ അനാഥമായി വിടില്ല. എന്തെങ്കിലും ദൈവികപദ്ധതി ദൈവം മനുഷ്യനുവേണ്ടി സജ്ജീകരിച്ച് ഒരുക്കിയിട്ടുണ്ടാകും എന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു.'' അദ്ദേഹത്തിന്റെ പ്രത്യാശപൂർണ്ണമായ കാത്തിരിപ്പിന്റെ അനുഭവം ഇന്നും എന്റെ ഹൃദയത്തിൽ മാറ്റൊലി കൊള്ളുന്നു. “കർത്താവിന്റെ രക്ഷയെ ശാന്തമായി കാത്തിരിക്കുന്നത് ഉത്തമം” (വിലാ 3:26). അതേ കർത്താവിന്റെ രക്ഷയെ ശാന്തമായി കാത്തിരുന്നതുകൊണ്ട് രക്ഷയുടെ ഹൃദയകവാടത്തിലും ദൈവകവാടത്തിലും ഇടംനേടി ഇരിക്കയാണ് അദ്ദേഹം. അതുകൊണ്ടുതന്നെ അദ്ദേഹം സ്വർഗ്ഗത്തിലിരുന്ന് നമുക്കുവേണ്ടി പ്രാർത്ഥിക്കും എന്നതിൽ തർക്കമില്ല.

എന്തു ത്യാഗങ്ങൾ നേരിട്ടും നമുക്ക് ബലം പകർന്നു കൊണ്ടിരിക്കുന്ന, സന്യാസ ജീവിതത്തിലാണ് നമ്മുടെ അവസാനവും. ഉത്കൃഷ്ടമായൊരു ജീവിതാവസ്ഥയാണ് ദൈവം നമുക്ക് നൽകിയിരിക്കുന്നത്. ഈ ജീവിതത്തെ പരിപോഷിപ്പിക്കുകയും, നിത്യം പരിപാലിക്കുകയും ചെയ്യുക എന്നുള്ള അദ്ദേഹത്തിന്റെ ഉപദേശം കാലികപ്രസക്തിയുള്ളവയാണ്. അദ്ദേഹവുമായി ഒരിക്കൽ സംസാരിക്കുന്നവർ വീണ്ടും സംസാരിക്കുവാൻ ആഗ്രഹിച്ചിരുന്നു. കാരണം അദ്ദേഹത്തിന്റെ സംസ്കൃത ശ്ലോകങ്ങളും, പുരാണ കഥകളും, ലത്തീൻ പഴമൊഴികളും, കവിതകളുടെ കാവ്യാത്മകതയും ചൊല്ലിക്കഴിഞ്ഞുള്ള അർത്ഥോച്ചാരണങ്ങളും എന്നും അദ്ദേഹത്തെ അനശ്വരനാക്കുന്നവയാണ്. എക്കാലത്തേയും അദ്ദേഹത്തിന്റെ മാസ്റ്റർപീസായി നിലകൊണ്ടിരിക്കുന്നതാണ് താഴെകൊടുക്കുന്ന ഈ കവിതാസമാഹാരത്തിലെ (കുഞ്ചൻ നമ്പ്യാരുടെ ‘കല്യാണ സൗഗന്ധിക’ത്തിൽനിന്ന്) ഏതാനും ചില വരികൾ:-

“നോക്കെടാ നമ്മുടെ മാർഗ്ഗേ
കിടക്കുന്ന മർക്കടാ നീയങ്ങു
മാറിക്കിടേശ്ശേടാ
ദുർഗ്ഗടാ സ്ഥാനത്തു വന്നു ശയിപ്പാൻ
നിനക്കെടാ തോന്നുവാൻ
എന്തെടാ സംഗതി
നാട്ടിൽ പ്രഭുക്കളെ കണ്ടാലറിയാത്ത
കാട്ടിൽ കിടക്കുന്നു മൂളിക്കുരങ്ങു നീ....

ഇത്തരം അനേകം കവിതകളും പഴമൊഴികളുടെ അർത്ഥ വത്തായ ആകർഷണീയതയും പറഞ്ഞുതരിക അദ്ദേഹത്തിന് സന്തോഷപ്രദമായ അനുഭവങ്ങൾ സമ്മാനിച്ചിരുന്നു. പങ്കുവയ്ക്കലിലെ അദ്ദേഹത്തിന്റെ തുറവിയും വലിപ്പച്ചെറുപ്പം നോക്കാതെയുള്ള സംസാര രീതിയും യാഥാർത്ഥ്യങ്ങൾ തുറന്നുപറയുന്നതിലെ ആർജ്ജവവും എന്നും അദ്ദേഹത്തിലലിഞ്ഞു ചേർന്നിരുന്ന തനതു ശൈലികളാണ്.

**സന്യാസജീവിതത്തിന്റെയും പൗരോഹിത്യത്തിന്റെയും സാക്ഷ്യം സ്വജീവിതത്തിൽ കാത്തുസൂക്ഷിച്ച പുരോഹിതൻ**

തന്റെ സന്യാസ പൗരോഹിത്യ ജീവിതം ആകമാനവും കൂടി അതിന്റെ സായാഹ്നത്തിലും സന്തോഷവും സമാധാനവും പങ്കിട്ടനുഭവിച്ചു കൊണ്ടുള്ള ഒരു നൈർമല്യ സ്നേഹമായിരുന്നു ബഹു.ബേസിലച്ചൻ. വിശുദ്ധ കുർബാനയിലും ആരാധനാ വിധികളിലും അദ്ദേഹത്തിന്റെ തീക്ഷ്ണത ഏറ്റം അനുകരണാർഹമായ ഓർമ്മകളാണ് സമ്മാനിക്കുക. തന്റെ വ്യക്തിജീവിതത്തിന്റെ ഏകാന്തതയിലിരുന്നുകൊണ്ടുള്ള ആത്മശോധനകളെ തന്റെ സന്യാസ ജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ആത്മരോദനങ്ങളെ ആത്മീയ ഉണർവ്വിന്റെ പരമമായ ജീവിതപരിസരത്തെ യാഥാർത്ഥ്യ വൽക്കരിച്ചു എന്നുള്ളതാണ് അദ്ദേഹത്തിന്റെ വാർദ്ധക്യകാലാനുഭവം നൽകുന്നത്. ആത്മീയതയുടെ ഉയരങ്ങളിലേക്ക് മനുഷ്യമനസ്സിനെ കൂട്ടിക്കൊണ്ടുപോകുന്ന വ്യക്തിസത്തയുടെ സൽക്രിയവും സചേതനവുമായ ആത്മഭാവങ്ങൾ അദ്ദേഹത്തെ ചിന്തയുടെ ലോകത്തെത്തിച്ചിരുന്നു. “ഈ കാണുന്നതൊക്കെ എന്തോ അതാണ് ആത്മാവ്. നീ കാണുന്നതും കാണാത്തതുമായ സത്യത്തെയാണ് ആത്മാവ്, ദൈവം എന്നുപറയുക” എന്ന സത്യദർശനത്തെ ജനഹൃദയ ങ്ങളിൽ സന്നിവേശിപ്പിക്കാൻ അദ്ദേഹം തന്റെ ചിന്താധാരയിലൂടെ അനുസ്യൂതം പ്രയത്നിച്ചു. ഈ പ്രപഞ്ചം മുഴുവൻ ഏകമാണെന്നുള്ള ദൈവദർശനത്തെ തനിക്ക് സമാധാനം തരുന്ന അന്തർധാരകളെ വിശ്വാസ സംഹിതയായി ജീവിതത്തിലുടനീളം സവിശേഷമാംവിധം അദ്ദേഹം വിനിമയം നടത്തി. അദ്ദേഹത്തിന്റെ ചിന്തകൾ പങ്കുവയ്ക്കുന്ന തിലൂടെ വേറിട്ട അനുഭവങ്ങളാണ് നമുക്ക് സമ്മാനിച്ചിരുന്നത്. മൂടുപടം ധരിച്ചുകൊണ്ടുള്ള ഒരു ആദ്ധ്യാത്മികതയെ ഒരിക്കലും അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. മറിച്ച് എന്നെ അറിയുന്ന ദൈവത്തിന്റെ മുമ്പിൽ ഞാൻ എന്താണോ അതാണ് ഞാൻ എന്ന ചിന്താധാര അദ്ദേഹത്തിന്റെ

ആദ്ധ്യാത്മിക ജീവിതത്തെ കൂടുതൽ ബലപ്പെടുത്തിയിരുന്നു. അദ്ദേഹം തന്റെ ജീവിതം പ്രാർത്ഥനയുടെ അനർഗ്ഗള നിമിഷങ്ങളായി മാറ്റുന്ന സന്ദർഭങ്ങൾ നേരിട്ട് കാണുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തോടൊപ്പം ദിവസത്തിന്റെ ഇടവേളകളിൽ പരിശുദ്ധ ദൈവമാതാവിനോടുള്ള ജപമാല പ്രാർത്ഥനകളിൽ പങ്കെടുക്കുവാൻ എനിക്കും ഇടയായിട്ടുണ്ട്. അദ്ദേഹത്തിൽ ഉടലെടുത്ത ആദ്ധ്യാത്മിക ദർശനങ്ങളിലെ അർപ്പണബോധം ഒരു ബഥാന്യൻ സന്യാസ വൈദികന്റെ കറതീർന്ന അനുഭവം പ്രദാനം ചെയ്തിട്ടുള്ളവയാണ്. അദ്ദേഹത്തിന്റെ വിശ്രമജീവിതത്തിൽ തിരുവല്ലാ ആശ്രമത്തിലെ കുമ്പസാരകനായിരുന്നു കൊണ്ട് ഏതു സമയത്തും കുമ്പസാരത്തിനായി അണയുന്നവരെ തന്റെ ആരോഗ്യമോ വിശ്രമമോ വകവയ്ക്കാതെ വളരെ സന്തോഷത്തോടെ അദ്ദേഹം സഹായിച്ചിരുന്നു. ദൈവത്തെ തൊട്ടുനിന്ന സന്യാസ പുരോഹിതനായിരുന്നു അദ്ദേഹം. ശുശ്രൂഷയുടെ പൂർണ്ണതയിൽ ജോലിചെയ്ത് ക്രിസ്തുവിന്റെ ശരീരത്തെ പടുത്തുയർത്താൻ ശ്രമിച്ച ഒരു എളിയ സന്യാസശ്രേഷ്ഠനായിരുന്നു അദ്ദേഹം. കുടുംബമഹിമയോ കുലീനതയോ കുലമഹിമയോ ഒട്ടും അവകാശപ്പെടാത്ത ഒരു സാധാരണ പട്ടക്കാരനായിരുന്നു അദ്ദേഹം എന്നുള്ള അനുഭവം പങ്കുവയ്ക്കുന്നതിൽ അഭിമാനമുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തന ങ്ങളിൽ അസാധാരണത ഒന്നുമില്ലാത്ത സാധാരണക്കാരനിലെ അസാധാരണക്കാനായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെ അദ്ദേഹം പ്രവർത്തിച്ച ഇടങ്ങളിലെ ദൈവ മനുഷ്യരുടെ സ്നേഹവും കരുതലുമാണ് അദ്ദേഹത്തെ ബഥനിയിലെ ബേസിലച്ചനാക്കി മാറ്റിയത്.

ആദ്ധ്യാത്മികതയുടെ സുന്ദരവും സുരഭിലവുമായ ഭൂമികയിലൂടെയുള്ള ആ പഴയ യാത്രയിൽ തെക്ക് കന്യാകുമാരി മുതൽ വടക്ക് കാസർഗോഡ് വരെയും, ദക്ഷിണ കർണ്ണാടകയിലും സജീവ സാന്നിദ്ധ്യവുമായിരുന്നു ബഹു.ബേസിലച്ചൻ.

അദ്ദേഹത്തിന്റെ ഗൗരവകാർക്കശ്യഭാവങ്ങളെല്ലാം അദ്ദേഹത്തിന്റെ 'സ്വത്ത'ത്തിലെ തനിമയാണ്. അദ്ദേഹവുമായുള്ള സമീപന സന്ദർഭങ്ങളിലെ ഗൗരവഭാവം ആദ്യാനുഭവത്തിന്റെ ആവരണങ്ങൾ മാത്രമാണ്. അദ്ദേഹം രസികനായ ഒരു കഥാപാത്രം കൂടിയാണ്. ഭൗതീകതയിലോ ആർഭാടത്തിലോ ബന്ധിതമല്ലാത്ത ഒരു സന്യാസ സമർപ്പണത്തിന്റെ പ്രത്യാശയും മഹത്വവും സമാധാനവും രക്ഷയുടെ

കവാടമല്ലാതെ മറ്റൊന്നല്ല എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. സന്യാസ ജീവിതവുമായി ബന്ധപ്പെട്ട ഒരു താപസ്സജീവിതത്തെ യഥാവിധി ഉൾക്കൊള്ളണമെങ്കിൽ അതിൽ പറയുന്ന സൂക്ഷ്മവും സ്ഥൂലവുമായ ആന്തരിക ഭാവത്തെ ആദ്യം അറിയണം. അതിനായി അദ്ദേഹം സ്വന്തം ജീവിതത്തെ വിശകലനം ചെയ്യുകയും ജീവിത പരിസരത്തെ അതിന്റെ സവിശേഷപരമായ സത്യത്തിൽ ഉറപ്പിക്കുക യുമാണ് ചെയ്തത്.

54 വർഷക്കാലം സമർപ്പിത പൗരോഹിത്യജീവിതം നയിച്ച് ബഥനി മക്കളുടെ ഹൃദയങ്ങളിൽ ഇടംനേടിയ ബ.ബേസിലച്ചൻ എന്നും ജീവിക്കുന്ന ഭാഗ്യജീവിതത്തിന്റെ പുണ്യപറുദീസായിലാണ് എന്നു വിശ്വസിക്കുന്നു. അദ്ദേഹം എന്നും പ്രത്യേകം സ്നേഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തിരുന്ന വിശുദ്ധ തോമസ് അക്വിനാസ്സിന്റെയും വിശുദ്ധ ഫ്രാൻസിസ് അസീസ്സിയുടെയും മാദ്ധ്യസ്ഥം അദ്ദേഹത്തിന്റെ ദൈവസാന്നിദ്ധ്യസായൂജ്യത്തിന് വഴിയൊരുക്കട്ടെ എന്ന് പ്രാർത്ഥി ക്കുന്നു. ഒപ്പം ബഹു.ബേസിലച്ചനെ ബഥനിക്ക് നൽകിയ നല്ലുത്താനത്ത് കുടുംബത്തോടുള്ള നന്ദിയും ഇവിടെ അറിയിക്കുന്നു.

സ്നേഹത്തിന്റെയും കരുതലിന്റെയും പങ്കുവയ്ക്കലിന്റെയും വ്യക്തിപരമായ ഒട്ടേറെ നിമിഷങ്ങൾ ഓർമ്മ വരുന്നു. ജീവിതത്തിൽ താങ്ങും തണലുമായി കൂടെ നിലകൊണ്ട് സന്യാസ പ്രസ്ഥാനത്തിന്റെ നിസ്സീമസ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സമാനതകളില്ലാത്ത ആശ്രയത്വം, അദ്ദേഹത്തെ നെഞ്ചിലേറ്റിയ ബഥനിയെ തളരാതെ മുന്നോട്ടു പോകുവാൻ സഹായിച്ചു എന്നുള്ളതാണ് ഏറ്റം വലിയ ആദരാഞ്ജലികൾ എന്ന് വിശ്വസിക്കുന്നു. സന്യാസത്തിനായി തുറന്നിട്ട ജീവിതം, മനസ്സിനെ എല്ലാ കെട്ടുപാടുകളിൽനിന്നും വിട്ടുകൊടുത്തു കൊണ്ട് തപസ്സിന്റെ ഉൾക്കരുത്തിനായ്.... ആ യാത്ര പോകുകയാണ്.

ഇനി ആ സഞ്ചാരം നിത്യതയിലേക്ക്... അദ്ദേഹത്തിന്റെ സർഗ്ഗ പ്രപഞ്ചത്തിൽ വിരിഞ്ഞ ശ്ലോകങ്ങളെ, പഴമൊഴികളെ, ഉണർത്തു പാട്ടുകളെ, കഥാവ്യാഖ്യാനങ്ങളെ, വിശാലമായ നൈവേദ്യമായ് പാദാന്തികത്തിൽ സമർപ്പിക്കുന്നു. ബഥനിയുടെ ഈ താപസ്സ ശ്രേഷ്ഠന്റെ ഓർമ്മയ്ക്ക് മുമ്പിൽ ആദരപൂർണ്ണമായ പ്രണാമം....! വന്ദ്യ പുരോഹിതാ, സമാധാനത്താലേ പോവുക!

# ഞങ്ങളുടെ കുടുംബത്തിന്റെ ഗുരുനാഥൻ

**ബിനുമോൾ ജയിസൺ നല്ലുത്താനത്ത്** (കൊച്ചുവടവന)
**ബേസിലച്ചന്റെ ഇളയസഹോദരൻ എൻ.വി.ചാക്കോയുടെ മകൾ**

പുനരൈക്യ പ്രേഷിത ശുശ്രൂഷയുടെ വിത്ത് മിഷൻ മേഖലകളിൽ പാകി മലങ്കര സുറിയാനി കത്തോലിക്കാ സഭാ തരുവിനെ താലോലിച്ച് വളർത്തുന്നതിൽ മുൻപന്തിയിൽ നിന്ന ഒരു വൈദികനാണ് ഞങ്ങളുടെ ബേസിലച്ചൻ എന്ന് മനസിലാക്കിയതിൽ ഞങ്ങൾക്ക് വലിയ അഭിമാനമുണ്ട്. കേരളത്തിനു വെളിയിൽ ദീർഘനാൾ മലങ്കരയുടെ പരിമളം പരത്തിയ ഇടയനായിരുന്നു അദ്ദേഹം. അൻപത്തിനാലു വർഷത്തെ വൈദിക ജീവിതം, അതിൽ അമ്പത് വർഷത്തെ സജീവ അജപാന ശുശ്രൂഷ.

അകലങ്ങളിൽ ആടുകളെ തേടി അലയുന്ന ഇടയ ശുശ്രൂഷയായിരുന്നു അദ്ദേഹത്തിന് പ്രിയം. പുനരൈക്യ പ്രേഷിതനായിരിക്കുമ്പോഴും മലങ്കര സുറിയാനി കത്തോലിക്കാ ഇടവകയിൽ വികാരിയായിരിക്കുമ്പോഴും സഭയുടെയോ ഇടവകയുടെയോ നൈയാമിക അതിർത്തികൾക്കുള്ളിൽ തന്റെ സേവനത്തെ തളച്ചിടുവാൻ ബേസിലച്ചൻ ആഗ്രഹിച്ചിരുന്നില്ല.

വ്യക്തിബന്ധങ്ങളാണ് അജപാലകന്റെ ഏറ്റവും വലിയ മൂലധനമെന്ന് അനുഭവത്തിലൂടെ ബേസിലച്ചൻ തെളിയിച്ചു. ഉയർത്തിക്കാട്ടാൻ ഉന്നതബിരുദങ്ങളോ ഉന്നത ബന്ധങ്ങളോ ഒന്നുമില്ലെങ്കിലും കടന്നുചെന്ന മേഖലകളിലെല്ലാം എല്ലാവരുടെയും മനസിലേക്ക് കുടിയേറാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. സഭാമേലധ്യക്ഷന്മാരെല്ലാവരോടും വ്യക്തിപരമായ അടുപ്പം സൂക്ഷിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ബേസിൽ (ബസേലിയോസ്) എന്ന പേരിനെ വളരെ ഇഷ്ടപ്പെട്ടിരുന്നുവെങ്കിലും അധികാരത്തിന്റെ അധീശഭാവമോ ആർഭാടത്തിന്റെ ലാഞ്ചനയോ അശേഷമില്ലാതെ അജഗണങ്ങളോടൊപ്പം നടക്കുവാൻ ഇഷ്ടപ്പെട്ടിരുന്ന വ്യക്തിത്വമായിരുന്നു അച്ചന്റേത്.

അധികാര കേന്ദ്രങ്ങളോട് അടുത്തുവരാൻ ഒരിക്കൽപോലും അച്ചൻ ആഗ്രഹിച്ചിട്ടുമില്ല; അതിനു ശ്രമിച്ചിട്ടുമില്ല.

സഭയുടെ ആചാരപ്രകാരമുള്ള പ്രാർത്ഥനകളും നോമ്പും ഉപവാസവും ഞായറാഴ്ച ആചരണവും വൈദികരോടുള്ള ബഹുമാനവും സഭയോടുള്ള വിശ്വസ്തതയും കുടുംബത്തിൽ നിറഞ്ഞു നിന്നിരുന്ന *നല്ലൂർസ്ഥാനമെന്ന* നല്ലുത്താനത്ത് കുടുംബത്തിൽ നിന്നും വൈദികവൃത്തിയിലേക്ക് കടന്നുവന്ന ആദ്യവ്യക്തിയാണ് ബേസിലച്ചൻ. കുടുംബത്തിലെ ആത്മീക അന്തരീക്ഷവും 1930 സെപ്റ്റംബർ 20-ലെ മലങ്കര പുനരൈക്യ സംഭവത്തെ തുടർന്ന് മധ്യതിരുവിതാംകൂറിൽ രൂപപ്പെട്ട പുനരൈക്യമുന്നേറ്റങ്ങളും അദ്ദേഹത്തെ ബഥനിയിലേക്ക് ആകൃഷ്ടനാക്കി. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യപ്രസ്ഥാനത്തോടൊപ്പം ചേർന്നുനിന്ന അധ്യാപകനായിരുന്ന പിതാവ് വർഗീസ് സാറിന്റെ പിന്തുണയും പ്രോത്സാഹനവും അദ്ദേഹത്തെ ബഥനി ആശ്രമത്തിലേക്ക് നയിച്ചു.

ബഥനി സന്യാസ സമൂഹം നിഷ്കർഷിച്ചിരുന്ന ലളിത ജീവിതം വ്യക്തിജീവിതത്തിലും ഔദ്യോഗിക ജീവിതത്തിലും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ഭക്ഷണക്രമത്തിലും വസ്ത്രധാരണത്തിലും താമസ ക്രമീകരണത്തിലുമെല്ലാം തികഞ്ഞ ബഥാന്യനായിരുന്നു അദ്ദേഹം.

കടന്നുപോയ സ്ഥലങ്ങളിലെല്ലാം പാദമുദ്രകൾ പതിക്കുകയും കണ്ടുമുട്ടിയവരുടെ ഹൃദയങ്ങളിലെല്ലാം ഇടംകണ്ടെത്തുകയും ചെയ്തിരുന്ന വൈദികനാണ് അദ്ദേഹം. പ്രവർത്തിച്ച മേഖലകളിലെല്ലാം സകലരുടെയും സഹകരണം നേടിയെടുക്കുകയും മത സമുദായ സഭാപരിഗണനകൾക്കതീതമായി വ്യക്തിബന്ധങ്ങൾ പുലർത്തുകയും അദ്ദേഹം ചെയ്തിരുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയെ നെഞ്ചിലേറ്റിയിരുന്ന സഭാസ്നേഹിയും അധികാരികൾക്ക് ഏത് ഉത്തരവാദിത്വവും ഉറപ്പോടെ ഏല്പിക്കാവുന്ന അജപാലകനുമായിരുന്നു.

ഒരു വൈദികൻ ഒരു കുടുംബത്തിലുള്ളത് ഏറെ അനുഗ്രഹ കരമാണ്. ഈ അനുഗ്രഹം വ്യക്തിജീവിതത്തിലൂടെ ഞങ്ങൾക്ക് അനുഭവിക്കാനായി. എന്റെ കുഞ്ഞുന്നാൾ മുതൽ കാഷായ വസ്ത്ര ധാരിയായി ഞങ്ങളുടെ കുടുംബത്തിൽ പലപ്പോഴും എത്തിച്ചേരു മായിരുന്ന അച്ചൻ ആദ്യം എനിക്കും സഹോദരിക്കും കൗതുക മായിരുന്നു. ഞങ്ങളുടെ പഠനകാര്യങ്ങളിലും കുടുംബത്തിലെ വിശേഷ ങ്ങളുമെല്ലാം അറിയുവാനും ഒറീസയിൽ ജോലിയിലായിരുന്നതിനാൽ സ്ഥലത്തില്ലാതിരുന്ന ഞങ്ങളുടെ പിതാവിന്റെ അസാന്നിദ്ധ്യത്തിൽ സുഖദുഃഖങ്ങൾ മനസിലാക്കുവാനും അച്ചൻ ശ്രമിച്ചിരുന്നു. അച്ചന്റെ ശുശ്രൂഷാമേഖലകൾ കേരളത്തിനു വെളിയിലേക്കു മാറിയപ്പോഴും അദ്ദേഹം തിരുവല്ലാ ആശ്രമത്തിൽ വരുമ്പോഴെല്ലാം വീട്ടിൽ സന്ദർശനം നടത്തുമായിരുന്നു. എന്റെ സഹോദരിയുടെ വിവാഹം ആശീർവദിക്കാൻ സാധിക്കാത്തതിലുള്ള പരിഭവം അദ്ദേഹം പങ്കുവച്ചത് ഞാനോർക്കുന്നു. ആ വിഷമം മനസിലാക്കി എന്റെ വിവാഹം ആശീർവദിക്കാൻ അച്ചൻ ബഥനിയിലെ ഒരുപറ്റം സഹവൈദികരോടൊപ്പം എത്തിച്ചേർന്നത് ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഔദ്യോഗിക ശുശ്രൂഷകളിൽ നിന്നു വിരമിച്ച് വിശ്രമജീവിതത്തി നായി തിരുവല്ല ആശ്രമത്തിലായിരുന്നപ്പോൾ പലപ്പോഴും കുടുംബ സമേതം അച്ചനെ ഞങ്ങൾ സന്ദർശിക്കുമായിരുന്നു. അച്ചന്റെ വൈദിക ശുശ്രൂഷയിലെ പല അനുഭവങ്ങളും കണ്ടുമുട്ടിയ പല വ്യക്തികളെ ക്കുറിച്ചുമെല്ലാം നിറഞ്ഞ പുഞ്ചിരിയോടെ അദ്ദേഹം വാചാലനാകു മായിരുന്നു. വല്യച്ചനെ കാണുന്നത് എന്റെ മക്കൾക്കും വലിയ ഇഷ്ടമായിരുന്നു. ഓരോ പ്രാവശ്യവും മക്കളുടെ തലയിൽ കൈകൾ വച്ച് അനുഗ്രഹിച്ച ശേഷമേ അച്ചൻ യാത്രയയ്ക്കുമായിരുന്നുള്ളു.

ബേസിലച്ചന്റെ വൈദികാഭിഷേകത്തിന്റെ സുവർണജൂബിലി ഭംഗിയായി നടത്തണമെന്ന ആവശ്യം ഞങ്ങൾ അറിയിച്ചപ്പോൾ അച്ചൻ സ്നേഹപൂർവ്വം ഞങ്ങളെ നിരുത്സാഹപ്പെടുത്തി. ജൂബിലിയെല്ലാം ആശ്രമത്തിൽ നിന്നും നടത്തിക്കോളും. നിങ്ങളെല്ലാം വന്ന് അതിൽ സംബന്ധിച്ചാൽ മാത്രം മതിയെന്നായിരുന്നു അച്ചന്റെ പക്ഷം.

ദീർഘനാളായി പ്രമേഹരോഗം അച്ചനെ അലട്ടിയിരുന്നു. വളരെക്കാലമായി ഇൻസുലിൻ ഇൻജക്ഷൻ അദ്ദേഹം എടുത്തിരുന്നു. തന്റെ ശാരീരിക ബുദ്ധിമുട്ടുകളൊന്നും മറ്റുള്ളവർക്ക് ഭാരമാകരുതെന്ന് അദ്ദേഹം ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. കുടുംബത്തിൽ നിന്നുതന്നെ രണ്ടുപേരെ ബഥനിയുടെ സന്യാസ വയലിലേക്ക് ചേർക്കുവാൻ അദ്ദേഹം മുൻകൈയെടുത്തു.

എന്റെ പിതാവ് എൻ.വി.ചാക്കോ 2012 ഡിസംബർ 29 നും, മൂത്ത സഹോദരൻ എൻ.വി.ഐസക് 2018 നവംബർ 15നും, സഹോദരി മറിയാമ്മ വർഗീസ് 2019 മെയ് 12നും ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഇളയസഹോദരി കുഞ്ഞമ്മ ലൂക്കോസ് മക്കളോടൊപ്പം കൊട്ടാരക്കരയിൽ താമസിക്കുന്നു. അച്ചന്റെ വിയോഗത്തിൽ ഞങ്ങളുടെ കുടുംബത്തിന് വലിയ ശൂന്യത അനുഭവപ്പെടുന്നു. എങ്കിലും ദൈവസന്നിധിയിൽ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ഒരു ആചാര്യൻ ഉണ്ടാകുമെന്ന വിശ്വാസം ഞങ്ങൾക്കുണ്ട്. ബഹുമാനപ്പെട്ട അച്ചന് നല്ലുത്താനത്ത് കുടുംബാംഗങ്ങളുടെ പ്രാർത്ഥനാഞ്ജലികൾ!

○

നീ അഭയം വെച്ചോരു സ്ലീബാ നിന്നോടൊപ്പം
കബറിൽ പൂകുന്നു

തോളിൽ നീ ആഘോഷിച്ച
സ്ലീബാ അഭയം നൽകീടും

നിന്നെ കബറീന്നുയിർപ്പിച്ചിപറുദീസായിൽ
പൂകിപ്പിച്ചീടും

*(കൊഹനൈത്താ)*

# ബഹുമാനപ്പെട്ട ബേസിൽ നല്ലുത്താനത്തച്ചനും ദക്ഷിണ കന്നട മിഷനും

**യോഹന്നാൻ ഒ. എം., ഊന്നംപാറയ്ക്കൽ**
പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി, പുത്തൂർ രൂപത

ബഹുമാനപ്പെട്ട ബേസിലച്ചൻ ബത്തേരി രൂപതയിലെ ദക്ഷിണ കന്നട മിഷനിലേക്ക് ശുശ്രൂഷയ്ക്കായി നിയോഗിക്കപ്പെട്ടത് 2000–2006 കാലഘട്ടത്തിലായിരുന്നു. കടബ, നെല്ലിയാടി ബഥനി ആശ്രമങ്ങളിൽ സുപ്പീരിയറായും കർമ്മായി, വിമലഗിരി, കോടിംബാള, ജോസ്ഗിരി, നെല്ലിയാടി ഇടവകകളുടെ വികാരിയായും, ദക്ഷിണ കന്നട മേഖലാ മാതൃജ്യോതിസിന്റെ ഡയറക്ടറായും, നെല്ലിയാടി ബഥനി ബോർഡിംഗ് മാസ്റ്ററായും, വിവിധ സന്യാസിനി മന്ദിരങ്ങളുടെ ആത്മീയ ഗുരുവായും സേവനമനുഷ്ഠിച്ചു.

ബഹുമാനപ്പെട്ട അച്ചന്റെ ശുശ്രൂഷാ കാലഘട്ടം ഒന്നര പതിറ്റാണ്ട് കഴിഞ്ഞിട്ടും ഇടവക ജനങ്ങൾ പച്ചയായി ഹൃദയത്തിൽ സൂക്ഷിക്കുന്നു എന്നു പറയുമ്പോൾതന്നെ ദൈവജനത്തിന്റെ ഇടയിൽ അച്ചൻ ചെലുത്തിയിട്ടുള്ള സ്വാധീനം വലുതാണല്ലോ. തന്നെ ഭരമേല്പിച്ച എല്ലാ ശുശ്രൂഷകളും വിശ്വസ്തതയോടും, വിനയത്തോടും നിർവഹിച്ച വലിയ മിഷനറിയാണ് അച്ചൻ. ബഥനിയുടെ മിഷൻ ദർശനവും പ്രതിബദ്ധതയും അച്ചന്റെ പ്രവർത്തനങ്ങളിൽ വ്യക്തമായി പ്രതിഫലിച്ചിരുന്നു. ഇടവക ജനങ്ങളെ ഏകോപിപ്പിച്ച നിർത്തുവാനുള്ള അദ്ദേഹത്തിന്റെ അനുഭവ പാടവം അനുകരണീയവും അഭിനന്ദനാർഹവുമായിരുന്നു. ഇടവകകളിൽ വിനോദ യാത്രകൾ സംഘടിപ്പിക്കുകയും അവരോടൊപ്പം സന്തോഷിക്കുകയും ചെയ്യുമായിരുന്നു. തന്റെ പ്രവർത്തന മേഖലകളിൽ ഉറച്ച നിലപാടുകൾ എടുത്തിരുന്നു. എന്നാൽ അധികാരികളോട് പൂർണ വിധേയത്വം പുലർത്തിയിരുന്നു. പാവപ്പെട്ടവരോട് പ്രത്യേക പരിഗണനയും അനുകമ്പയും പ്രകടിപ്പിക്കുന്നതിൽ മടിച്ചിരുന്നില്ല. അതിന്റെ കാരണം അച്ചൻ തന്നെ വ്യക്തമാക്കുമായി

രുന്നു. "സമൂഹത്തിൽ സമ്പത്തും, സൗകര്യമുള്ളവർക്ക് സന്തോഷിക്കുവാനുള്ള വകയും ഉണ്ട്; എന്നാൽ പാവപ്പെട്ടവർക്ക് സന്തോഷിക്കുവാനുള്ള അവസരങ്ങൾ അപൂർവ്വമാണ്. അതുകൊണ്ട് അവരെ സന്തോഷിപ്പിക്കുവാൻ ശ്രമിക്കണം.'' അച്ചൻ എന്നും പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പക്ഷത്തായിരുന്നു.

കൃത്യനിഷ്ഠയിൽ അച്ചൻ ഒരുപടി മുന്നിലായിരുന്നു. താൻ ശുശ്രൂഷ ചെയ്യുന്ന ഇടവകയെ സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തുകയും മുഖ്യധാരയിൽ കൊണ്ടുവരുവാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. ഈ പ്രദേശത്തെ അച്ചൻ ഏറെ സ്നേഹിച്ചിരുന്നു. അച്ചന്റെ നർമ്മത്തിൽ കലർത്തിയ സംഭാഷണവും, പ്രസംഗവും പ്രായ വ്യത്യാസമില്ലാതെ എല്ലാവരും ആസ്വദിച്ചിരുന്നു. ശാരീരിക അസ്വാസ്ഥ്യങ്ങൾ ഏറെ ഉണ്ടായിരുന്നെങ്കിലും അതൊന്നും ഇടയ ശുശ്രൂഷയെ ബാധിക്കാതിരിക്കുവാൻ ശ്രദ്ധിച്ചിരുന്നു. ഒരു തികഞ്ഞ സന്യാസ വൈദികനായിരുന്നു എന്നതിൽ രണ്ടഭിപ്രായമില്ല. ബത്തേരി രൂപതയുടെ ഭാഗമായിരുന്ന ഈ മേഖല ഇന്ന് പുത്തൂർ രൂപതയുടെ സജീവവും ശക്തവുമായ വിശ്വാസികളുടെ കൂട്ടായ്മയായി വാർത്തെടുത്തതിൽ ബഹുമാനപ്പെട്ട ബേസിലച്ചന്റെ ത്യാഗോജ്ജ്വലമായ സേവനം അവിസ്മരണീയമാണ്. അച്ചനെ പുത്തൂർ രൂപത നന്ദിയോടെ ദൈവസന്നിധിയിൽ സമർപ്പിക്കുകയും ആത്മാവിന് നിത്യശാന്തി സർവ്വശക്തനായ ദൈവം സമ്മാനിക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ആചാര്യേശാ, മിശിഹാ, കൂദാ-ശകളർപ്പിച്ചോ-
രാചാര്യന്മാർക്കേകുക പുണ്യം നാഥാ സ്തോത്രം....

*(കൊഹനൈത്താ)*

# ഹ്രസ്വകാലത്തെ സൗഹൃദം...

**ബ്രദർ ജിജോ ബെഞ്ചമിൻ ഒ.ഐ.സി.**

ബഹുമാനപ്പെട്ട ബേസിലച്ചനുമായി വ്യക്തിപരമായ പരിചയമില്ലെങ്കിലും ചെറിയ ചെറിയ കൊച്ചു വർത്തമാനങ്ങളിൽ അച്ചന്റെ ശൈലികളും, തമാശകളും മറുപടികളുമൊക്കെ ചിലപ്പോഴെങ്കിലും ചർച്ചാ വിഷയങ്ങളിലേക്ക് കടന്നുവരികയും അവ വലിയ പൊട്ടിച്ചിരികളിലേക്ക് നയിച്ചതൊക്കെയും ഓർക്കുന്നു. ഓരോ മനുഷ്യനും ഈ ലോകത്തിൽ നിന്നു കടന്നുപോകുമ്പോഴും തന്റേതുമാത്രമായി ദൈവം നൽകിയിരിക്കുന്ന ചില നല്ല അനുഭവങ്ങളും ഓർമ്മകളും മറ്റുള്ളവർക്കു നല്കികൊണ്ടായിരിക്കും കടന്നുപോവുക.

ബഹു.വില്യമച്ചൻ ആശുപത്രിയിൽ അഡ്മിറ്റായ സമയത്താണ് അച്ചനുമായി സൗഹൃദം പങ്കുവയ്ക്കാൻ സാധിച്ചത്. ഒറ്റനോട്ടത്തിൽ ആരോഗ്യവാനാണെന്നു തോന്നിയിരുന്നെങ്കിലും എല്ലാ മനുഷ്യരെയും പോലെ പ്രായാധിക്യത്തിന്റെ എല്ലാ ബലഹീനതകളും അച്ചനിൽ പ്രകടമായിരുന്നു. സമയം കിട്ടുമ്പോഴൊക്കെ അച്ചനെ സന്ദർശിക്കുകയും വിവരങ്ങൾ ആരായുകയും ചെയ്തിരുന്നു.

ഓരോ സൗഹൃദവും ഒരു കൊടുക്കൽ വാങ്ങലാണ്. വ്യക്തികൾ തമ്മിൽ തുറവിയും, പങ്കുവയ്ക്കലുകളുമൊക്കെ ഉണ്ടാകുമ്പോഴാണ് ഓരോ സൗഹൃദത്തിന്റെയും നീളവും വീതിയും ആഴവും വർദ്ധിക്കുന്നതും അവ നമ്മെ ആത്മബന്ധത്തിലേക്കു നയിക്കുന്നതും. അത്തരം ആത്മബന്ധത്തിന്റെ അനുഭവം ബേസിലച്ചനുമായി സൗഹൃദം പങ്കുവച്ചവർക്കൊക്കെയും ലഭിച്ചിരിക്കുമെന്നതിന് യാതൊരു സംശയവുമില്ല. അച്ചനെ സന്ദർശിക്കുന്ന അവസരങ്ങളൊക്കെയും ശാരീരികമായി അസ്വസ്ഥനായിരുന്നെങ്കിലും കണ്ടാലുടനെ “ങാ, നീ വന്നോ” എന്ന് പറയുന്നതും പോകുന്നതുവരെ നമ്മുടെ കൈയ്യിൽ പിടിച്ച് നോക്കിയിരിക്കുന്നതും നല്ലൊരു അനുഭവമായിരുന്നു. വാർദ്ധക്യകാലം

പൊതുവേ ‘Handle with Care’ എന്നതിനു വിപരീതമായി ഒരു childlike മനോഭാവത്തോടുകൂടെ തന്റെ ബലഹീനതയിലും മറ്റുള്ളവരോടു സംസാരിക്കുകയും പുഞ്ചിരിക്കുകയും ചെയ്യുന്നത് ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളാണ്. ഇടയ്ക്കെപ്പോഴെ അല്പം വാചാലനായപ്പോൾ ‘മതി’ എന്നു പറയുന്നതും ‘ഇനി നമുക്ക് പ്രാർത്ഥിക്കാം’ എന്നു പറഞ്ഞതും ഓർക്കുന്നു. പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ തന്റെ ജപമാല തിരയുകയും ധ്യാനനിമഗ്നനാവുകയും ചെയ്യും. ദൈവവുമായുള്ള ആത്മബന്ധത്തിന്റെ വേരുകൾ ഉള്ളതു കൊണ്ടാണല്ലോ പ്രാർത്ഥിക്കുമ്പോഴൊക്കെ അച്ചൻ സമാധാനവും, ശാന്തിയും കണ്ടെത്തിയിരുന്നത്. കറയില്ലാത്ത ആത്മബന്ധത്തിന്റെ, സൗഹൃദത്തിന്റെ പുതിയ തളിർപ്പുകൾ ഇനിയും പൊട്ടിവിടരട്ടെ.

വന്ദ്യ ആചാര്യാ, സമാധാനത്തോടെ പോവുക!

○

നാ-ഥാ നിൻ തനുരക്തങ്ങൾ
കൈക്കൊ-ണ്ടങ്ങേ സുവിശേഷേ
വിശ്വസിച്ചോനാം ദാസനെ നീ
ഓർത്തീ-ടുക സ്വർഗ്ഗ രാജ്യേ
സർവ്വേ-ശാ നിദ്രവെടിഞ്ഞും പണിചെയ്തോനാം
ദാസനെ മോ-ക്ഷത്തിൽ
പൊടിയീ-ന്നുയിർ പൂണ്ടിട്ടിവനും
അ-ഗ്ന്യാത്മിയർ തന്നുടെ സംഘത്തിൽ ചേ-ർന്നിട്ടവനും
നിന്നുടെ കർത്ത്വത്വം വാഴ്ത്തി നിതരാം നിന്നെ കീർത്തിച്ചിടേണം

*(കൊഹനൈത്താ)*

# ഇടവക സ്നേഹിയും അശരണർക്ക് ആശ്രയവും

**സെന്റ് ജോർജ് മലങ്കര കാതോലിക് ചർച്ച്**
**കോടിംബാല, ദക്ഷിണ കന്നഡ**

2002 ജൂൺ മുതൽ 2006 നവംബർ വരെ കോടിംബാല സെന്റ് ജോർജ് ഇടവകയുടെ വികാരിയായിരുന്ന്, സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹുമാനപ്പെട്ട ബേസിലച്ചനെക്കുറിച്ചോർക്കുമ്പോൾ ഇടവക മക്കളായ ഞങ്ങളുടെ ഹൃദയം ആനന്ദംകൊണ്ട് നിറയുന്നു. ഇടവകയുടെ സമഗ്രമായ വികസനത്തിന് തന്റെ അറിവും കഴിവും ജീവിതവും വിനിയോഗിച്ച ബേസിലച്ചൻ ഞങ്ങൾക്ക് തീർച്ചയായും ഒരു നല്ല പിതാവായിരുന്നു. അച്ചന്റെ നിഷ്ഠയുള്ളതും കൃത്യവും സത്യസന്ധവുമായ ജീവിതശൈലിയിലൂടെ ഇടവക മക്കളുടെ ഹൃദയങ്ങളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ ബഹുമാനപ്പെട്ട അച്ചന് സാധിച്ചു.

ഭവനങ്ങൾ സന്ദർശിച്ച് ഇടവക ജനങ്ങളുടെ ആത്മീയവും സാമൂഹികവുമായ ജീവിതത്തിൽ കാതലായ മാറ്റം വരുത്താൻ ബഹുമാനപ്പെട്ട അച്ചൻ സർവ്വാത്മനാ പരിശ്രമിക്കുകയും ഇവടകയെ ഉയർത്തുകയും ചെയ്തു. എം.സി.വൈ.എം., മാതൃജ്യോതിസ് എന്നിവയെല്ലാം രൂപതാ സഭാതല അംഗങ്ങളിലേക്ക് ഉയർന്നുവരാൻ അച്ചന്റെ സേവനം വഴി ഇടയായി. ഇടവകയിലെ യുവജനങ്ങളെ എല്ലാക്കാര്യങ്ങളിലും ചേർത്തു നിർത്തി നല്ല സഭാ സേവനമുള്ള വരാക്കി ഒരു നല്ല യുവജന കൂട്ടായ്മയായി അച്ചൻ വളർത്തി. നാലുവർഷത്തെ ശുശ്രൂഷവഴി ഇടവകജനങ്ങളെ ആത്മീയമായ ഉണർവും അഭിഷേകവും കൊണ്ട് നിറച്ച ബേസിലച്ചന് നല്ല ദൈവം ദൈവം തന്റെ വലതുഭാഗത്ത് നിത്യകിരീടം നൽകി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഇടവകയുടെ സർവതോന്മുഖമായ പുരോഗതിക്ക് അച്ചന്റെ സംഭാവനകൾ എടുത്തു പറയത്തക്കതാണ്. ബഹുമാനപ്പെട്ട അച്ചന്റെ

ശുശ്രൂഷാകാലങ്ങളിൽ കോടിംബാല ഇടവക ബത്തേരി രൂപതയിലെ തന്നെ ഒന്നാം നമ്പർ ഇടവകയായി തിരഞ്ഞെടുക്കപ്പെട്ടത് ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. ഈ പ്രദേശത്തെ ഓരോ വ്യക്തിയും, പ്രത്യേകിച്ച് ഇടവക മക്കൾ ജീവിതത്തിൽ പച്ച പിടിക്കണമെന്ന ആഗ്രഹത്തോടെ അനേകം പദ്ധതികൾ അച്ചൻ ആവിഷ്കരിച്ച് നടപ്പിലാക്കി. ഇടവകയിലും പുറത്തുമുള്ള നിർധനരായ യുവതികളുടെ വിവാഹം നടത്തിയതും, ഭവനമില്ലാത്ത കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ചു നൽകിയതും മറ്റും ഇതിന്റെ ഭാഗമായിട്ടായിരുന്നു. ഇടവക മക്കളിൽ ഐക്യവും സ്നേഹവും സാഹോദര്യവും ഊട്ടി വളർത്തുന്നതിൽ അച്ചൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരു നല്ല കാരണ വരായിരുന്നുകൊണ്ട് മക്കളായ ഞങ്ങളുടെ എല്ലാക്കാര്യങ്ങളിലും നന്മ തിരഞ്ഞെടുക്കുന്നതിനും തിന്മയെ ഒഴിവാക്കുന്നതിനും അച്ചൻ വഹിച്ച പങ്ക് ശ്ലാഘനീയമാണ്. ഇല്ലായ്മയിൽ നിന്ന് കെട്ടുറപ്പുള്ള ഒരു ഇടവകസമൂഹമാക്കി ഞങ്ങളെ വളർത്തിയ ബഹുമാനപ്പെട്ട ബേസില ച്ചന്റെ സ്മരണകൾ ഉണർന്നു പ്രകാശിക്കാൻ ഇപ്പോഴും ഞങ്ങളെ ഉത്തേജിപ്പിക്കുന്നു. ഇത്തരുണത്തിൽ ബഹുമാനപ്പെട്ട ബേസിലച്ചനെ ക്കുറിച്ചുള്ള സ്മരണകൾ കോടിംബാല ഇടവക ഓരോരുത്തരുടേയും ഹൃദയത്തെ ദീപ്തമാക്കുന്നു.

ദേവാലയമേ! സോദരരേ!
ജനതാഗണമേ! വൈദികരേ!
ശാന്ത്യാനിവസിപ്പിൻ നിങ്ങൾ - എന്നെ രാജ്യത്തിൽ
കൈക്കൊൾവാനും വിധിതന്നിൽ
സ്വർഗാധിപനെക്കീർത്തിപ്പാൻ
ഞാൻ യോഗ്യത നേടിടുവാനും - പ്രാർത്ഥിപ്പിൻ നിങ്ങൾ.

*(കൊഹനൈത്താ)*